# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ – 680020**

ഇ-മെയിൽ: dotsr.ksad@kerala.gov.in

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)222/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 20/03/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി
കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(എം2)222/2024 തീയ്യതി: 20/03/2024

## തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 55 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുധ ദാസ് | ജോയിന്റ് ഡയറക്ടർ | 05-02-2024 | 14-02-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-02-2024 | 14-02-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അഗസ്റ്റിൻ എം. എൽ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. ബേബി പി. വി., ഓഡിറ്റ് ഓഫീസർ

ശ്രീ. ജയകൃഷ്ണൻ എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ. ജോഷി സി. ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഇ. കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ദിവ്യ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യ ഒ. കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ജയൻ വി. എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. രേഖ ഇ. സി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. എൻ സുരേന്ദ്രൻ | ചെയർമാൻ | 01-04-2022 | 31-03-2023 |
| കെ. കെ. മനോജ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീനിവാസൻ എൻ. ഡി. | ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ് എ) | 01-04-2022 | 31-03-2023 |
| മഹേന്ദ്ര പി. എ. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| സുജിത്ത് ഗോപിനാഥ് | മുനിസിപ്പൽ എഞ്ചിനീയർ | 12-09-2022 | 31-03-2023 |
| ശോഭന എം. കെ. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ഹാരിസ് വി. എം. | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ. ഷെറിൻ കെ. | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ബിജു പി. ജി. | ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. രാധിക എൻ. | അസിസ്റ്റന്റ് സർജൻ , PHC മുണ്ടത്തിക്കോട് | 01-04-2022 | 31-03-2023 |
| സ്മിത എം. കെ. | അഗ്രിക്കൾച്ചർ ഓഫീസർ (വടക്കാഞ്ചേരി കൃഷിഭവൻ) | 01-04-2022 | 31-10-2022 |
| ശ്വേത വി. ഐ. | അഗ്രിക്കൾച്ചർ ഓഫീസർ, ഇൻ–ചാർജ്ജ് (വടക്കാഞ്ചേരി കൃഷിഭവൻ) | 01-11-2022 | 31-03-2023 |
| ശ്വേത വി. ഐ. | അഗ്രിക്കൾച്ചർ ഓഫീസർ (മുണ്ടത്തിക്കോട് കൃഷിഭവൻ) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ധന കാര്യ കമ്മിഷൻ ഗ്രാന്റിന്റെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല | 1-1-2 |
| 4 | ബാങ്ക് റീകൺസീലിയേഷൻ പത്രിക-ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുത്തിയതിൽ വ്യത്യാസം | 1-1-3 |
| 5 | “Directly Credited By Bank” -രശീതി നൽകി കണക്കിലെടുത്തില്ല | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | മുൻകൂർ ആയി ലഭിച്ച തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-1-8 |
| 10 | സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-9 |
| 11 | വായ്പ രജിസ്റ്റർ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-11 |
| 13 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | തൊഴിലുറപ്പ്പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-1-14 |
| 16 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-1-15 |
| 17 | ജേണൽ വൗച്ചറുകൾക്ക് വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 1-1-16 |
| 18 | -Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-17 |
| 19 | ലെഡ്ജർ ബാലൻസും രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-18 |
| 20 | ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-19 |
| 21 | ബാധ്യതകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-20 |
| 22 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം-ചെലവിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമ പദ്ധതികൾ | 1-6 |
| 28 | ക്യാഷ് പരിശോധന | 1-7 |
| 29 | ആഭ്യന്തരണ നിയന്ത്രണം | 1-8 |
| 30 | നികുതി-നികുതിയേതര വരവുകളുടെ അവലോകനം | 1-9 |
| 31 | രസീത് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-10 |
| 32 | ആംബുലൻസ് വാഹന വാടക കളക്ഷൻ തുക സമയബന്ധിതമായി അടവാക്കുന്നില്ല | 1-11 |
| 33 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 34 | പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-13 |
| 35 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് -സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കാതെ പ്രവർത്തിക്കുന്നു | 1-14 |

| | | |
|---|---|---|
| 36 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടില്ല | 1-15 |
| 37 | റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. | 1-16 |
| 38 | വാടകകുടിശ്ശികയിനത്തിൽ ഭീമമായ തുക അവശേഷിക്കുന്നു. | 1-17 |
| 39 | വിനോദ നികുതി ഈടാക്കുന്നതിന്റെ കൃത്യമായ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 1-18 |
| 40 | കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-19 |
| 41 | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-20 |
| 42 | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-21 |
| 43 | തൊഴിൽ നികുതി കുറവായി ഈടാക്കി | 1-22 |
| 44 | പെർമിറ്റ് ഫയലുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-23 |
| 45 | പെർമിറ്റ് ഫീസ് കുറവായി ഈടാക്കി | 1-24 |
| 46 | ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-25 |
| 47 | മാസ്റ്റർ പ്ലാൻ - ഫയലുകളിലെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-26 |
| 48 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | 1-27 |
| 49 | നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് | 1-28 |
| 50 | ഇ – ടെണ്ടർ ഫി മുനിസിപ്പൽ ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-29 |
| 51 | പി.എം.എ.വൈ പദ്ധതി - വീട് പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 52 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം- രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 11,70,000 രൂപ തടസ്സപ്പെടുത്തുന്നു | 1-31 |
| 53 | Canara Bank-Jalanidhi(0751101014193) അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെട്ട തുക തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-32 |
| 54 | പ്രോജക്റ്റ് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-33 |
| 55 | പ്രവൃത്തി ആരംഭിച്ചിട്ടില്ല – മുൻകൂർ നല്കിയ തുക തിരികെ ഈടാക്കിയിട്ടില് - 32500/- തടസ്സപ്പെടുത്തുന്നു | 1-34 |
| 56 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-35 |
| 57 | ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ് | 1-36 |
| 58 | ടേക്ക്-എ-ബ്രേക്ക് പദ്ധതി പൂർത്തിയാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ് | 1-37 |
| 59 | ഇന്റർ ലോക്ക് ലയിങ്ങ് പ്രവൃത്തി നടത്തിപ്പിലെ രേഖകളുടെ അഭാവം | 1-38 |
| 60 | മുനിസിപ്പൽ ഓഫീസ് - ഇന്റിരിയർ പ്രവർത്തി ആർട്ട് കോയെ ഏല്പ്പിച്ചു : നടത്തിപ്പിലെ അപാകതകൾ | 1-39 |
| 61 | കോസ്റ്റ് ഫോർഡിന് നൽകിയ മുൻകൂർ- നിർമ്മാണം ആരംഭിച്ചില്ല 4,40,000/- രൂപ തിരികെ ലഭ്യമായില്ല | 1-40 |
| 62 | സാനിട്ടേഷൻ വർക്കർമാരുടെ വേതനക്കുടിശ്ശിക – അധികം തുകയനുവദിച്ചു | 1-41 |
| 63 | നഗരസഭാ സെക്രട്ടറിയ്ക്ക് അനുവദനീയമല്ലാത്ത പെർമനന്റ് കൺവെയൻസ് അലവൻസ്, ടെലഫോൺ അലവൻസ് എന്നിവ അനുവദിച്ചു. | 1-42 |
| 64 | നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സിനായി കെട്ടിടം വാടകയ്ക്ക ലഭ്യമാക്കി - സെക്രട്ടറിയ്ക്ക് അനുവദനീയമായ വീട്ടുവാടക ബത്തയും നിശ്ചിതനിരക്കിലുള്ള വാടകയും നഗരസഭയിൽ ഒടുക്കിയില്ല. | 1-43 |
| 65 | സേവനപുസ്തക പരിശോധന - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അർഹമായ വാർഷിക ഇൻക്രിമെന്റുകൾപ്പെടെയുള്ള ശമ്പളം അനുവദിക്കുന്നില്ല. | 1-44 |
| 66 | സ്റ്റേഷനറി സാധനങ്ങളുടെ  പർച്ചേയ്സ് - ഒരേ പർച്ചേസിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു. | 1-45 |
| 67 | മുൻകൂറുകൾ ക്രമീകരിച്ചില്ല. | 1-46 |
| 68 | രേഖകൾ ഹാജരാക്കിയില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-47 |
| 69 | ജനകീയ ഹോട്ടൽ പശ്ചാത്തല സൗകര്യം ഒരുക്കൽ -സ്റ്റോക്ക്, കൈപറ്റ് രശീത് എന്നിവ ഹാജരാക്കിയില്ല - 525204/- രൂപ തടസ്സപ്പെടുത്തുന്നു | 1-48 |
| 70 | പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ. | 1-49 |

| | | |
|---|---|---|
| 71 | ക്ലീൻകേരള കമ്പനി-ലെഗസി വെയ്സ്റ്റ് കൈമാറൽ–വിനിയോഗ വിവരം, മോണിറ്ററിംഗ് രേഖകൾ ലഭ്യമാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു. | 1-50 |
| 72 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ആദായ നികുതി കുറവായി ഈടാക്കി | 1-51 |
| 73 | തൊഴിൽ സഭ ഗുണഭോക്താക്കൾക്ക് പരിശീലനം അപാകതകൾ | 1-52 |
| 74 | അമ്മമാർക്ക് ജിംനേഷ്യം - ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയത്, പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-53 |
| 75 | എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-54 |
| 76 | കൈമാറ്റ കട/സ്വാപ്പ് ഷോപ്പ് സജ്ജമാക്കൽ–അപാകതകൾ. | 1-55 |
| 77 | ഇലക്ട്രിക് ട്രൈസൈക്കിൾ വാങ്ങിയത് അപാകതകൾ | 1-56 |
| 78 | മൊബൈൽ ടോയ്‌ലറ്റ് പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-57 |
| 79 | വയോമിത്രം-വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 1-58 |
| 80 | ഐ.കെ.എം വിഹിതം നൽകുന്നത് ഡിമാൻറ് തുകയും അടവാക്കിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-59 |
| 81 | വർണ്ണക്കൂട്ട്-ശാസ്ത്രസാഹിത്യപരിഷത്തിന്റെ കുരുന്നില എന്ന പുസ്തകത്തിന്റെ സ്റ്റോക്ക് എൻട്രി, വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല. | 1-60 |
| 82 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ മരണശേഷവും നൽകുന്നു | 1- 61 |
| 83 | വിൻഡ്രോ കംപോസ്റ്റ് പ്ളാന്റ് അറിയിപ്പ് സൈൻ ബോർഡുകൾ സ്ഥാപിക്കൽ–അപാകതകൾ. | 1-62 |
| 84 | ഹാജരാക്കാത്ത ഫയലുകളുമായി ബന്ധപ്പെട്ട ചെലവു തുകകൾ തടസ്സപ്പെടുത്തുന്നു. | 1-63 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സാനിട്ടേഷൻ വർക്കർമാരുടെ വേതനക്കുടിശ്ശിക – അധികം തുകയനുവദിച്ചു | 3-1 |
| 2 | നഗരസഭാ സെക്രട്ടറിയ്ക്ക് അനുവദനീയമല്ലാത്ത പെർമനന്റ് കൺവെയൻസ് അലവൻസ്, ടെലഫോൺ അലവൻസ് എന്നിവ അനുവദിച്ചു. | 3-2 |
| 3 | സ്റ്റേഷനറി സാധനങ്ങളുടെ പർച്ചേയ്സ് - ഒരേ പർച്ചേസിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു. | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് സർചാർജ്ജ് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.07.2023 തീയതിയിലെ 7-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 19.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുൻസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി: 20.03.2024**

**ജോയിന്റ് ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ**

### 1-1-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ധന കാര്യ കമ്മിഷൻ ഗ്രാന്റിന്റെ ചെലവ് തുകയും വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ ചെലവ് തുകയും വാർഷിക കണക്കിൽ

രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | സുലേഖ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ ചിലവ് | വാർഷിക കണക്ക് പ്രകാരമുള്ള ആകെ ചിലവ് | വ്യത്യാസം |
|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 27461987 | 30085148/- [342000(160100108- Development Fund – CFC Performance Grant) + 26011872 (160109900 – Other Revenue Grants) + 3731276 (312100200- Capital Contribution)] | -2623161 |

320200104 Development Fund – Central Finance Commission Grant എന്നീ ശീർഷകം പ്രകാരം സി.എഫ്.സി ഫണ്ട് ഉപയോഗിച്ചുള്ള പ്രൊജക്ടുകളുടെ ബാങ്ക് മുഖേനയുള്ള ചെലവുകൾ 29743148/- രൂപയാണ്. വാർഷിക കണക്ക് പ്രകാരം ട്രഷറി മുഖേനയുള്ള ചെലവ് 342000/- രൂപയാണ്. ബാങ്ക് മുഖേനയുള്ള ചെലവ് ഇൻകം & എക്സ്പെന്റിച്ചർ പത്രികയിലെ (ഷെഡ്യൂൾ I-6 ലെ) സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം 160109900-Other Revenue Grants എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. ടി ചെലവുകൾ അടുത്ത സാമ്പത്തിക വർഷം മുതൽ സി.എഫ്.സി ഗ്രാന്റുമായി ബന്ധപ്പെട്ട ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടതാണ്.

സി.എഫ്.സി ഗ്രാന്റിനത്തിൽ ചെലവു തുക വാർഷിക കണക്കുമായി വ്യത്യാസം വന്നതിനുള്ള കാരണം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 20/ 12.02.2024, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-1-2 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല**

1. Thrissur District Co- Op Bank Loan (8001759034), TDCB Bus Stand Shopping Complex Loan (8001759562) എന്നീ അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ 04/2022 മുതൽ 03/2023 വരെ തയ്യാറാക്കിയിട്ടില്ല.

2. മറ്റ് ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ 04/2022 മുതൽ 02/2023 വരെ തയ്യാറാക്കിയിട്ടില്ല. 03/2023 ലെ ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

**1-1-3 ബാങ്ക് റീകൺസീലിയേഷൻ പത്രിക-ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപെടുത്തിയതിൽ വ്യത്യാസം**

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയതിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാങ്ക് | അക്കൌണ്ട് നമ്പർ | ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | കൂട്ടുക (Cheque Issued But Not Presented, Directly Credited By Bank) | കുറക്കുക (Cheque Deposited But Not Colleted, Directly Debited By Bank) | ബാങ്ക് റീകൺസീലിയേഷൻ പ്രകാരം കണക്കാക്കിയ പാസ്ബുക്ക് നീക്കിയിരിപ്പ് | ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|

| (1) | (2) | (3) | (4) | (5) | (6) | (7) | (8) |
|---|---|---|---|---|---|---|---|
| 1 | SBT Wadakkanchery | 67382438724 | 650935 | 1.61 | 2.24 | **650934.37** | **671468.55** |
| 2 | SBI Property Tax Epayment | 38877417049 | 5547863 | 1.61 | 713711.02 | **4834153.59** | **5669470.71** |
| 3 | SIB Profession Tax | 95053000045214 | 7684921 | 19500 | 212066 | **7492355** | **7709921** |
| 4 | HDFC Own Fund | 50100444418453 | 13261832 | 696976 | 2875584 | **11083224** | **9898946.34** |
| 5 | Thrissur District Co-Op Bank | 10705014282 | 5338952 | 4800.89 | 77775 | **5309177.89** | **5261177.89** |
| 6 | Treasury LGTSB | 799013000000244 | 26124 | 750 | 1469 | **25405** | **25264** |
| 7 | SBI Ayyankali | 67396238128 | 53651 | 0 | 0.25 | **53650.75** | **48501.25** |
| 8 | Canara Bank Distress Relief Fund | 0723101066224 | 13149 | 0 | 0 | **13149** | **11735** |
| 9 | South Indian Bank PFMS | 0095053000045470 | 701571 | 853492.70 | 47241.00 | **1507822.70** | **1507765.70** |

ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയോട് 'Cheque Issued But Not Presented', 'Directly Credited By Bank' എന്നീ തുകകൾ കൂട്ടുകയും 'Cheque Deposited But Not Collected', 'Directly Debited By Bank' എന്നീ തുകകൾ കുറയ്ക്കുകയും ചെയ്യുമ്പോൾ (കോളം 7) ബാങ്ക് പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയിലേക്ക് (കോളം 8) പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ മേൽ സൂചിപ്പിച്ച അക്കൗണ്ടുകളിൽ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടും ഇപ്രകാരം യഥാർത്ഥ പാസ്ബുക്ക് നീക്കിയിരിപ്പിലേക്ക് പൊരുത്തപ്പെട്ടിട്ടില്ല (കോളം 7, 8 കാണുക) ആയതിനാൽ ടി അക്കൗണ്ടുകളുടെ ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ഇപ്രകാരമുള്ള പൊരുത്തപ്പെടൽ നടക്കുകയോ ബാങ്ക് റികൺസിലിയേഷൻ കൊണ്ടുള്ള ഉദ്ദേശ്യം നിറവേറ്റപ്പെടുകയോ ചെയ്തിട്ടില്ല. മേൽ അക്കൗണ്ടുകളുടെ റികൺസിലിയേഷൻ പത്രികകളുടെ ആധികാരികത വ്യക്തമല്ലാത്തതിനാൽ ആയത് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ ഇത്തരത്തിൽ വ്യത്യാസം വന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 20/ 12.02.2024, മറുപടി ലഭ്യമാക്കിയിട്ടില്ല)

### 1-1-4 "Directly Credited By Bank" -രശീതി നൽകി കണക്കിലെടുത്തില്ല

"Directly Credited By Bank" എന്ന ഇനത്തിൽ 8200000 രൂപ ഉൾപ്പെടുത്തിയാണ് ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ടിന്റെ റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

A/C No. Canara Health Grant Wellness-110053461918

| തീയ്യതി | തുക |
|---|---|
| 01-06-2022 | 5000000 |
| 06-08-2022 | 3200000 |
| ആകെ | 8200000 |

ബാങ്കുമായി ബന്ധപ്പെട്ട് ഈ വരവ് നഗരസഭയ്ക്ക് അർഹതപ്പെട്ടതാണോയെന്ന് പരിശോധിച്ച് അത് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2022-23 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

(ഓഡിറ്റ് എൻക്വയറി നം. 20/ 12.02.2024, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല**

1. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ "460500...-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രൊജക്റ്റ് നമ്പർ | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം./ തീയതി | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|---|
| 1 | ഭൂജല വകുപ്പ് | 120 | പാറ – കോട്ടംകുന്ന് കുടിവെള്ള പദ്ധതി ഡി-28 | 92000 | 22201866/ 14.01.2023 | 251202501- Drinking Water Public - General | 460500.... ൽ തുടങ്ങുന്ന ഉചിതമായ മുൻകൂർ ശീർഷകം |
| 2 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 268 | അയ്യപ്പത്ത് സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 36 | 85000 | 22201833/ 18.11.2022 | 251630101 – Electric Line Extension General | " |
| 3 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 321 | സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 18 | 100000 | 22202066/ 21.02.2023 | 251630101 – Electric Line Extension General | " |
| 4 | കേരളാ വാട്ടർ അതോറിറ്റി | 358 | ഈഞ്ചലോടി കുടിവെള്ള പദ്ധതി മെയിന്റനൻസ് ഡി 12 | 213145 | 22202021/ 19.08.2022 | 251200801- Drinking Water General | " |
| 5 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 366 | സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 5 | 100000 | 22202047/ 14.12.2022 | 251630101 – Electric Line Extension General | " |
| 6 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 382 | സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 32 | 400000 | 22202049/ 14.12.2022 | 251630101 – Electric Line Extension General | " |
| 7 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 384 | സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 34 | 100000 | 22202043/ 01.10.2022 | 251630101 – Electric Line Extension General | " |
| 8 | കേരളാ വാട്ടർ അതോറിറ്റി | 385 | ഈഞ്ചലോടി കുടിവെള്ള പദ്ധതി | 200000 | 22202022/ 19.08.2022 | 251200801- Drinking Water General | " |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | മെയിന്റനൻസ് ഡി-11 | | | | |
| 9 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 389 | സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 19 | 150000 | 22202106/ 31.03.2023 | 251630101 – Electric Line Extension General | " |
| 10 | കേരളാ വാട്ടർ അതോറിറ്റി | 390 | ഈഞ്ചലോടി കുടിവെള്ള പദ്ധതി മെയിന്റനൻസ് ഡി 13 | 200000 | 22202019/ 19.08.2022 | 251202801- Drinking Water Public - General | " |
| 11 | കേരളാ വാട്ടർ അതോറിറ്റി | 393 | ഈഞ്ചലോടി കുടിവെള്ള പദ്ധതി മെയിന്റനൻസ് 14 | 200000 | 22202020/ 19.08.2022 | 251202801- Drinking Water Public - General | " |
| 12 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 405 | സ്ട്രീറ്റ് മെയിൻ വലിക്കൽ ഡി 26 | 600000 | 22202023/ 14.09.2022 | 251630101 – Electric Line Extension General | " |
| 14 | ഭൂജല വകുപ്പ് | 408 | ഇരുന്നംകല്ല് കോളനി കുടിവെള്ള പദ്ധതി ഡി 36 | 325000 | 22201785/ 19.03.2023 | 251202502- Drinking Water Public - SCP | " |
| 15 | ഭൂജല വകുപ്പ് | 508 | കിളിയത്ത് ചിറ പൂർത്തീകരണം ഡി-33 | 69565 | 22201613/ 22.12.2022 | 251202501- Drinking Water Public - General | " |
| 16 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 516 | സ്ട്രീറ്റ് ലൈൻ വലിക്കൽ ഡി 30 | 600000 | 22202194/ 24.02.2023 | 252100101 – Energy Electrification Of Street Light General | " |

അപാകത പരിഹരിക്കേണ്ടതും മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

2. താഴെ ചേർക്കുന്ന പ്രോജക്ടുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകയ്ക്കുള്ള ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ നമ്പർ/പേര് | നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | കുറിപ്പുകൾ |
|---|---|---|---|---|
| 1 | 591 മൊബൈൽ ടോയ്‌ലറ്റ് | 774,080 | 251200901 – Sanitation General | നഗരസഭയ്ക്ക് ആസ്തി സൃഷ്ടിക്കൽ. എന്നാൽ റവന്യൂ ചെലവായി |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തി |
| 2 | 580 അംഗൻവാടികളിൽ അമ്മമാർക്ക് ജിംനേഷ്യം | 14,13,784/- | 251200301- Health Related Special Programmes | നഗരസഭയ്ക്ക് ആസ്തി സൃഷ്ടിക്കൽ/ ഉപകരണങ്ങൾ ലഭ്യമാക്കൽ. എന്നാൽ റവന്യൂ ചെലവായി രേഖപ്പെടുത്തി |
| 3 | 578 കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ | 99,000/- | 250501609 – Wells & Water Supply | നഗരസഭയ്ക്ക് ആസ്തി സൃഷ്ടിക്കൽ. എന്നാൽ റവന്യൂ ചെലവായി രേഖപ്പെടുത്തി |

2023-24 വർഷം ഈ തുക “Prior Period Items” ൽ നിന്നും ഉചിതമായ ആസ്തി ശീർഷകങ്ങളിലേക്ക് ക്രമീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 32/13.02.2024, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-1-6 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1. തൻവർഷം**

1.1 വസ്തു നികുതി റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" | 25953858 | 17879811 | * | 8066849 |

| | | | | |
|---|---|---|---|---|
| സോഫ്റ്റ്‌വെയർ പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 29068509 | 19857425 | 0 | 9310102 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(9775607 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*നഗരസഭയിൽ നിന്നും ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി റിപ്പോർട്ടിൽ, വസ്തുനികുതിയിനത്തിൽ മുൻകൂർ ക്രമീകരിച്ച തുകകൾ, മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ എന്നിവ ലഭ്യമല്ല.

1.2 സർവ്വീസ് സെസ്സ്

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2345825 | 1612827 | 728971 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2502590 | 1762627 | 0 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

**2. കുടിശ്ശിക**

2.1 വസ്തു നികുതി റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 25437194 | 7695986 | 17668335 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ | 18368573 | 8576901 | 9799160 |
| | (2021-22 ലെ | (റസീറ്റ് & | (10289118/105X100) |

| | | | |
|---|---|---|---|
| പ്രകാരം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(4184281 + 15102721 +=19287002/105*100) | പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

*നഗരസഭയിൽ നിന്നും ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി റിപ്പോർട്ടിൽ, വസ്തുനികുതിയിനത്തിൽ മുൻകൂർ ക്രമീകരിച്ച തുകകൾ, മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകൾ എന്നിവ ലഭ്യമല്ല.

" സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല (ഉദാ: 1.1, 1.2, 2.1, 2.2, 3 എന്നി ഖണ്ഡികയിലെ പട്ടികകൾ). "സഞ്ചയ" സോഫ്റ്റ്‌വെയറിലേയും വാർഷികകണക്കിലേയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ പൊരുത്തമില്ല.

2.2 സർവ്വീസ് സെസ്സ്

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1906291 | 669503 | 1352466 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 0 | 739349 | 0 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-37) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 |

3. ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ | വസ്തു നികുതി | 1306420 | 1298595 | 2605015 | 897215 | 386056 | 1283271 | -* | | 406634 | 898812 | 1304481 |

| | | | | | |
|---|---|---|---|---|---|
| പ്രകാരം | | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2425172 | 1429745 | . | 1319950 | 1105222 |
| | 971747 + 1453425 =(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431990100 -State Govt. Cess/levies ലെഡ്ജർ 2022-23) | {റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-29 (വരവ്)} | | (431990100 – State Govt. Cess/levies ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

4. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1429745 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1283271 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431990100 State Govt Cesses/levies In Other Taxes- Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ട് തുകയുമല്ല, മറിച്ച് 1319950 രൂപയാണ്. {വൌച്ചർ 42200478 തീ 31.03.2023 (898967+420983=1319950)} (പട്ടിക 3 കാണുക )

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 20064725 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 955463 (20064725/105X5) ആണ്. എന്നാൽ ഈ ശീർഷകത്തിൽ 1105222 രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

### 1-1-7 മുൻകൂർ ആയി ലഭിച്ച തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/03/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | വാടക | 350410401-Advance Collection Of Revenues-Rent From Civic Amenities | 2740 |
| 2 | ഫാക്ടറി - വ്യാപാര | 350410301-Advance Collection Of | 466500 |

| | | | |
|---|---|---|---|
| | ലൈസൻസ് | Revenues-Licence Fees | |

**1-1-8 അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല**

(A) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 ലെ നീക്കിയിരിപ്പിനെ സാധൂകരിക്കുന്ന രീതീയിൽ ഏതെല്ലാം അഡ്വാൻസുകളാണ് തിരികെ ലഭിക്കാനുള്ളത്/ക്രമീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

(B) തൻവർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി അഡ്വാൻസുകൾ നൽകിയിട്ടുണ്ട്. ഇതിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 – Loans Advances And Deposits എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**1-1-9 സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം Stock In Hand – പൂജ്യം ആണ്. ആയതിന്റെ കൃത്യത പരിശോധിക്കാൻ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**1-1-10 വായ്പ രജിസ്റ്റർ കൃത്യമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല**

(A) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5 "Secured Loans" എന്ന ശീർഷക പ്രകാരം 131558006/- രൂപയും( Loans From KURDFC, Loan From Other Institutions), ഷെഡ്യൂൾ B-6 "Unsecured Loans" എന്ന ശീർഷക പ്രകാരം 2,50,60,446/ – രൂപയും (Loans From Banks & Other Financial Instituitions) തിരിച്ചടവാക്കാൻ ശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കത്തക്ക രീതിയിൽ വായ്പ രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(B) 2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രാജീവ് ഗാന്ധി ഭവന വായ്പ തിരിച്ചടവ് എന്ന പ്രോജക്ട് പ്രകാരം 20,00,000 രൂപ തിരിച്ചടച്ചിട്ടുണ്ട്. ലൈഫ് ഭവന പദ്ധതി വായ്പയുടെ മുതലിലേക്കുള്ള തിരിച്ചടവ് ഇനത്തിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 109,06,668/- രൂപയും എസ്.സി.പി.യിൽ നിന്ന് ₹9,20,000/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

(C) വടക്കാഞ്ചേരി നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെ കരുണാകരൻ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണവുമായി ബന്ധപ്പെട്ട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും (ലോൺ നം 80001759562) എടുത്ത 60,00,000/- രൂപയുടെ വായ്പ 22.12.2022 തീയതിയിൽ ക്ലോസ് ചെയ്തതായി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, വടക്കാഞ്ചേരി ബ്രാഞ്ചിൽ നിന്നും 10.05.2023 തീയതിയിൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. തൻവർഷം ടി ലോണിലേക്ക് തിരിച്ചടവ് നടത്തിയതിന്റെയും മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങളും രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

വായ്പാ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കി വാർഷിക കണക്കിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007 ഖണ്ഡിക 5.5 ൽ പട്ടിക 5.1 ക്രമ നമ്പർ 24, 25, 26 എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ Movable Asset, Immovable Asset, Land എന്നിവ സംബന്ധിക്കുന്ന രജിസ്റ്ററും തയ്യാറാക്കുന്നില്ല.

**1-1-12 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2, B-4 എന്നിവ പ്രകാരം മാറ്റി വയ്ക്കപ്പെട്ട ഫണ്ടുകൾ, പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/23ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട് (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17). ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുണ്ട്. ഇപ്രകാരം

ബാധ്യത തുകകൾക്ക് തത്തുല്യമായ ബാങ്ക് അക്കൗണ്ടുകളോ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യത തുകകളോ വാർഷികകണക്കിൽ കാണുന്നില്ല. എന്നാൽ തുല്യമാകാത്ത തുകകൾ സംബന്ധിച്ച് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

**1-1-13 തൊഴിലുറപ്പ്പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല**

തൊഴിലുറപ്പ്പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ

1. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് നഗരസഭ മുൻകൂറായി നൽകിയ 50,00,000/- രൂപയിൽ നിന്നുള്ള ചെലവു തുകകൾ മാത്രമാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
3. BIMS വഴി സംസ്ഥാന സർക്കാരിൽ നിന്നും അലോട്ട്മെന്റായി ലഭിച്ചിട്ടുള്ള 250,00,000/- രൂപയിൽ നിന്നുള്ള വരവ്-ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് വേണ്ടി നഗരസഭ മുൻകൂറായി തുക നൽകുമ്പോൾ, നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും (HDFC Own Fund A/c) അയ്യങ്കാളി പദ്ധതിക്ക് വേണ്ടിയുള്ള ബാങ്ക് അക്കൗണ്ടിലേക്ക് (SBI Ayyankali 6739623818) മുൻകൂർ ശീർഷകത്തിൽ പേയ്മെന്റ് നടത്തുന്നതിന് പകരം അക്കൗണ്ടിൽ നിന്ന് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ നടത്തുന്ന രീതിയിൽ 'Contra' എൻട്രി മുഖേനയാണ് രേഖപ്പെടുത്തൽ നടത്തിയിട്ടുള്ളത്. തത്ഫലമായി മുൻകൂർ നൽകിയതിന്റെയും മുൻകൂർ ക്രമീകരിച്ചതിന്റെയും തിരികെ ലഭിക്കാനുള്ളതിന്റെയും തുകകൾ സംബന്ധിച്ച വിവരം വാർഷിക കണക്കിൽ നിന്നും ലഭ്യമല്ല. മുൻകൂർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ടി വിവരം രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

മേൽ സൂചിപ്പിച്ച അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

**1-1-14 ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം 977251/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 ൽ ഉൾപ്പെടുത്തിയിരിക്കുന്ന നിക്ഷേപത്തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-15 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല**

2022-23 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിപ്പാർട്ട്മെന്റ് ഹെഡ് തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് {കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 15(2)}. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത് (മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ 2007, ഖണ്ഡിക 10.21 മുതൽ 10.23 വരെ). എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ നം./തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക |
|---|---|---|
| 110010100-Property Tax (General) | 42200365/1.4.2022 | 29068509 (2022-23) |
| 110100100-Profession | 42200364/1.4.2022 | 2427580 |

| | | |
|---|---|---|
| Tax-Institutions/Professionals/Traders | | |
| 130109900 – Rent From Civic Amenities | 42200367/1.4.2022 | 5287560 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

**1-1-16 ജേണൽ വൗച്ചറുകൾക്ക് വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല**

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (കേരള നഗരപാലിക അക്കൗണ്ട്സ് ചട്ടങ്ങൾ 2007. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-1-17 -Prior Period Item-ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2023ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior Period Income-Licence Fees | (8,04,940) |
| 280209900-Prior Period Income-Other Income | 27,03,766 |
| 280500600-Prior Period Expenses-Tax Remission &Refund – Prof. Tax-Inst/Prof./Traders | 2,500 |
| 280800100-Prior Period-Establishment Expenses | (11,500) |
| 280800400-Prior Period- Interest & Finance Charges | 55,00,000 |
| 280800700-Prior Period-Miscellaneous Expenses | 8,93,996 |

**1-1-18 ലെഡ്ജർ ബാലൻസും രജിസ്റ്ററുകളും പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല**

ഓരോ വരവിനത്തിന്റേയും ഡിമാന്റ് തുക കൃത്യമായി കണക്കാക്കി, വരുമാനത്തിന്റെ കൃത്യമായ കളക്ഷൻ ഉറപ്പാക്കുന്നതിന് ഓരോ ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും

ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും, മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (2007 ലെ കേരള മുനിസിപ്പലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 54 എഫ് &ഐ ) (കേരള മുനിസിപ്പൽ അക്കൗണ്ട്സ് മാന്വൽ 2007, ഖണ്ഡിക 6.59).

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഫാക്ടറി- വ്യാപാര ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

4. വിനോദനികുതി രജിസ്റ്റർ (എഴുതി സൂക്ഷിച്ചിട്ടില്ല)

5. ബസ് സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ ഫീസ് വരവ് രജിസ്റ്റർ

6. ലേല രജിസ്റ്റർ

7. വാടക രജിസ്റ്റർ

8. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

9. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

10. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

നിലവിൽ വരവിനങ്ങൾക്ക് ഡിമാന്റ് രജിസ്റ്ററുകൾ മേൽപ്രകാരം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

### 1-1-19 ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തിക്ക് (Land ഒഴികെ) ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടില്ല.

| ക്രമ നം. | ആസ്തി -ശീർഷകം | 31/3/2023 ലെ മൂല്യം |
|---|---|---|
| 1 | 410300399- Other Constructions | 82,27,171 |

### 1-1-20 ബാധ്യതകൾ ഉൾപ്പെടുത്തിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൌണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം | ശീർഷകം | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് |
|---|---|---|---|
| 1 | 450410500 | Canara Bank- Distress Relief Fund-0723101066224 | 13149 |
| 2 | 450430400 | Puthuruthy Co-operative Bank – Distress Relief Fund5807 | 11002 |
| 3 | 450630100 | Dist.Co.op.bank- Saksharatha 10705049373 | 1012 |
| 4 | 450630200 | Puthuruthy Co-Operative Bank – Pykka 5977 | 1090 |
| 5 | 450610200 | SBI Pykka 31773595270 | 5484 |
| 6 | 450610600 | Canara Health Grant Wellness 110053461918 | 127096 |

എന്നാൽ ഈയിനങ്ങൾക്ക് ബാധകമായ ബാധ്യത ശീർഷകങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 20/ 12.02.2024, മറുപടി ലഭ്യമാക്കിയിട്ടില്ല)

**1-1-21 വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം-ചെലവിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

2022-23 വർഷത്തിൽ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകിയതിന് (B Fund) BIMS സോഫ്റ്റ്‌വെയർ പ്രകാരം 11,70,000/- രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ ടി ചെലവിന്റെ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 23.3.22 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിതവരവ്, ചെലവ് എ ന്നിവ | വരവ് | ചെലവ് |
| | 1,59,21,99,000 | 1,59,06,20,000 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം | 22.3.23 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിതവരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 84,55,68,500 | 84,00,02,000 |

**1-3 ഫണ്ട് വിനിയോഗം**

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | *നീക്കിയിരുപ്പ്/ **ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 72461070 | 72461070 | 65405553 | 7055517** |
| വികസന ഫണ്ട്- എസ്.സി.പി | 0 | 32124000 | 32124000 | 27766492 | 4357508** |
| മെയിന്റനൻസ്, റോഡ് | 0 | 17247700 | 17247700 | 11009994 | 6237706** |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 12038656 | 12038656 | 7814934 | 4223722** |

കുറിപ്പ്:

1. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവരങ്ങൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പ്രത്യേക ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2. സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.
3. CFC Tied, Untied ഗ്രാന്റുകളുടെ വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടാത്തതിനാലും

ബാങ്ക്, ട്രഷറി ചെലവ് വിവരങ്ങൾ വേർതിരിച്ച് ലഭ്യമല്ലാത്തതിനാലും ആയത് പട്ടികയിൽ ചേർത്തിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 573 | 319131491 | 293 | 150508983 | 47.16 | 51.13 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 350744 | 30003599 (3599(പലിശ) + 25000000(AUEGS Fund) + 5000000 ( Fund From Municipality) | 30354343 | 30327961 | 26382 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരമുള്ള മേൽ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയത് സംബന്ധിച്ച് ഖ: 1-1-13 ൽ പരാമർശിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 9617400 | 880 |
| വിധവാപെൻഷൻ | 33326600 | 3028 |
| വാർദ്ധക്യകാല പെൻഷൻ | 57650000 | 5466 |
| വികലാംഗ പെൻഷൻ | 8312000 | 766 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5409600 | 491 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 1170000* | 39 |

* ടി തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.(ഖ.1-1-21 കൂടി കാണുക)

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.02.2024 തീയതിയിൽ 4.30 PM ന് മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 71,772/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരണ നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ഓഡിറ്റ് റിപ്പോർട്ടിൽ അതത് ഓഡിറ്റ് പരാമർശങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 നികുതി-നികുതിയേതര വരവുകളുടെ അവലോകനം

ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിറ്റ്സ് പരിശോധന നടത്തിയതിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നികുതി നികുതിയേതര വരുമാനങ്ങൾ, അവയുടെ പിരിച്ചെടുക്കലിലെ പുരോഗതി എന്നിവ സംബന്ധിച്ച് അവലോകനം നടത്തുന്നതായും കാണുന്നില്ല. നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ വാർഡ് സഭകളിൽ നിലവിൽ നടത്തി വരുന്നില്ല.

വസ്തുനികുതി പിരിവിനായി അവധിദിന നികുതി പിരിവ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും വാട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി പ്രചരണം നടത്തുന്നതിനും എല്ലാ വാർഡുകളിലും നോട്ടീസ് പതിച്ച് കൗൺസിലർമാർക്ക് അറിയിപ്പ് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഹരിതകർമ്മസേന വഴി നോട്ടീസ് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട് (20.02.2023 തീയതിയിലെ തീരുമാനം നം. 4). എന്നിരുന്നാലും നികുതി-നികുതിയേതര വരുമാനങ്ങളിൽ വലിയ തുക കുടിശ്ശികയുണ്ട്. എന്നാൽ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന കുടിശ്ശിക രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവിനുള്ള അപേക്ഷകൾ സമയബന്ധിതമായി പരിഗണിച്ച് തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. 2020-21 വർഷത്തെ ഒന്നാം അർദ്ധവർഷ നികുതിയൊഴിവിനുള്ള അപേക്ഷ 20.08.2022, 13.03.2023 തീയതികളിലാണ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്. അത് പോലെ തന്നെ കോവിഡ് കാലത്ത് ഒഴിഞ്ഞ് കിടന്നിരുന്ന (10.03.2020 To 13.01.2021 & 19.04.2021 To 04.11.2021) തീയറ്ററുകൾക്ക് നികുതിയിളവിനുള്ള അംഗീകാരം നൽകിയത് 20.08.2022 തീയതിയിലെ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലാണ്. ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവിനുള്ള അപേക്ഷകൾ, വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും വാസഗൃഹത്തിനുള്ള നികുതി ഒഴിവ് അപേക്ഷകൾ എന്നിവയിൽ സമയബന്ധിതമായി തീരുമാനങ്ങൾ എടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

<u>വസ്തുനികുതി</u>

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച 22.03.23 ലെ സ.ഉ.(കൈ)നം.77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വടക്കാഞ്ചേരി നഗരസഭ കൗൺസിലിന്റെ 15.06.2023 തീയതിയിലെ 14-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ആയത് 02.07.2023 തീയതിയിൽ R1-7661/2023 നമ്പറായി കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും കൗൺസിലിന്റെ 26.10.2023 തീയതിയിലെ 32-ാം നമ്പർ തീരുമാനപ്രകാരം അന്തിമമാക്കി 06.12.2023 തീയതിയിൽ R1-6668/2023 നമ്പറായി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്ക് ഈടാക്കി വരുന്നതായാണ് അറിയിച്ചിട്ടുള്ളത്.

സേവന ഉപനികുതി ഈടാക്കുന്നുണ്ട്.

<u>തൊഴിൽനികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, നഗരസഭയിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, നഗരസഭാ പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.

<u>വിനോദനികുതി</u>

നിലവിൽ തിയറ്ററുകളിൽ നിന്നും മാത്രമാണ് വിനോദനികുതി ഈടാക്കി വരുന്നത്. തിയറ്ററുകളിൽ നിന്നും ഹാജരാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിലാണ് വിനോദനികുതി പിരിക്കുന്നത്. 2022-23 വാർഷിക കണക്ക് പ്രകാരം (RP-1) വിനോദനികുതി ഇനത്തിൽ 10,88,386/- രൂപ വരവുണ്ട്. എന്നാൽ വരവിന്റെ കൃത്യത

പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ ആവശ്യമാണെങ്കിലും ഇവയൊന്നും ഹാജരാക്കിയിട്ടില്ല ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നഗരസഭയുടെ ഭാഗത്ത് നിന്നും നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ് / സ്റ്റേഡിയം, നീന്തൽ കുളങ്ങൾ, കേബിൾ ടി.വി നെറ്റ്‌വർക്ക് എന്നിവ നഗരസഭയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും വിനോദ നികുതി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വരുമാനത്തിന്റെ സാധ്യത നിലനിൽക്കുന്നുണ്ട് എങ്കിലും പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമൊന്നും എടുത്തിട്ടില്ല.

ലൈസൻസ് ഫീസ്

മൂലധനം കൃത്യമായി എല്ലാ അപേക്ഷ ഫോമുകളിലും രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. പൂർണ്ണമല്ലാത്ത/അപാകതയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വാർഡ് തിരിച്ചുള്ള ലൈസൻസ് ഫീസ് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടമുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വാടക

വാടക കുടിശ്ശികയിനത്തിൽ ഭീമമായ തുക അവശേഷിക്കുന്നുണ്ട്.

2022-23 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 50,47,479/- രൂപ വാടക കുടിശ്ശികയുണ്ട്. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-10 രസീത് ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന മാന്വൽ രസീത് ബുക്കുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | രസീത് ബുക്ക് നമ്പർ | ഇഷ്യൂ ചെയ്ത തീയതി |
|---|---|---|
| 1 | 318 | 5.3.22 |
| 2 | 321 | 17.3.22 |
| 3 | 324 | 2.9.22 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ - 40/14.2.24) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർന്ന് കെ.എസ്.എ ടി.എസ്.ആർ(എം2) 347/24, തീ. 15.03.2024 പ്രകാരം സെക്രട്ടറിയ്ക്ക് ഷോകോസ് നോട്ടീസ് നൽകിയിട്ടുണ്ട്.

## 1-11 ആംബുലൻസ് വാഹന വാടക കളക്ഷൻ തുക സമയബന്ധിതമായി അടവാക്കുന്നില്ല

ആംബുലൻസ് വാഹന വാടകയുടെ കളക്ഷൻ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കാൻ വൈകുന്നു. KFC Vol I Article 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തുക തൊട്ടടുത്ത/തൊട്ടടുത്ത പ്രവൃത്തി ദിവസം അടവാക്കേണ്ടതാണ്. തുക വൈകി അടവാക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

**രസീത് ബുക്ക് നമ്പർ - 342**

| ക്രമ നമ്പർ | രസീത് നമ്പർ | ഈടാക്കിയ തീയതി | ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തീയതി | കളക്ഷൻ തുക |
|---|---|---|---|---|
| 1 | 34101 | 22.12.22 | 26.12.22 | 320 |
| 2 | 34102 | 23.12.22 | 26.12.22 | 780 |
| 3 | 34118 | 10.1.23 | 21.1.23 | 300 |
| 4 | 34119 | 11.1.23 | 21.1.23 | 350 |
| 5 | 34120 | 11.1.23 | 21.1.23 | 400 |
| 6 | 34121 | 11.1.23 | 21.1.23 | 650 |
| 7 | 34122 | 13.1.23 | 21.1.23 | 850 |
| 8 | 34123 | 13.1.23 | 21.1.23 | 860 |
| 9 | 34124 | 16.1.23 | 21.1.23 | 650 |
| 10 | 34151 | 17.2.23 | 1.3.23 | 470 |

| ക്രമ നമ്പർ | രസീത് നമ്പർ | ഈടാക്കിയ തീയതി | ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തീയതി | കളക്ഷൻ തുക |
|---|---|---|---|---|
| 11 | 34152 | 17.2.23 | 1.3.23 | 300 |
| 12 | 34153 | 19.2.23 | 1.3.23 | 900 |
| 13 | 34154 | 19.2.23 | 1.3.23 | 1700 |
| 14 | 34181 | 23.3.23 | 31.3.23 | 710 |
| 15 | 34182 | 24.3.23 | 31.3.23 | 600 |
| 16 | 34183 | 24.3.23 | 31.3.23 | 320 |
| 17 | 34184 | 25.3.23 | 31.3.23 | 580 |
| 18 | 34185 | 25.3.23 | 31.3.23 | 540 |
| 19 | 34186 | 25.3.23 | 31.3.23 | 500 |
| 20 | 34187 | 26.3.23 | 31.3.23 | 300 |

**രസീത് ബുക്ക് നമ്പർ – 369**

| ക്രമ നമ്പർ | രസീത് നമ്പർ | ഈടാക്കിയ തീയതി | ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തീയതി | കളക്ഷൻ തുക |
|---|---|---|---|---|
| 1 | 36801 | 9.9.23 | 21.9.23 | 600 |
| 2 | 36802 | 12.9.23 | 21.9.23 | 2510 |
| 3 | 36827 | 21.10.23 | 25.10.23 | 550 |
| 4 | 36860 | 23.11.23 | 1.12.23 | 2476 |
| 5 | 36861 | 26.11.23 | 1.12.23 | 1620 |
| 6 | 36862 | 26.11.23 | 1.12.23 | 730 |
| 7 | 36863 | 27.11.23 | 1.12.23 | 420 |
| 8 | 36864 | 28.11.23 | 1.12.23 | 4610 |
| 9 | 36865 | 28.11.23 | 1.12.23 | 500 |

**രസീത് ബുക്ക് നമ്പർ – 367**

| ക്രമ നമ്പർ | രസീത് നമ്പർ | ഈടാക്കിയ തീയതി | ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തീയതി | കളക്ഷൻ തുക |
|---|---|---|---|---|
| 1 | 36601 | 2.4.23 | 17.4.23 | 490 |
| 2 | 36602 | 5.4.23 | 17.4.23 | 3610 |
| 3 | 36603 | 5.4.23 | 17.4.23 | 1560 |
| 4 | 36604 | 6.4.23 | 17.4.23 | 450 |
| 5 | 36605 | 6.4.23 | 17.4.23 | 2450 |
| 6 | 36606 | 7.4.23 | 17.4.23 | 550 |
| 7 | 36607 | 9.4.23 | 17.4.23 | 1270 |
| 8 | 36608 | 9.4.23 | 17.4.23 | 990 |
| 9 | 36609 | 10.4.23 | 17.4.23 | 200 |
| 10 | 36610 | 12.4.23 | 17.4.23 | 200 |
| 11 | 36611 | 13.4.23 | 17.4.23 | 600 |
| 12 | 36612 | 14.4.23 | 17.4.23 | 300 |
| 13 | 36613 | 14.4.23 | 17.4.23 | 600 |

| ക്രമ നമ്പർ | രസീത് നമ്പർ | ഈടാക്കിയ തീയതി | ഫ്രണ്ട് ഓഫീസിൽ അടവാക്കിയ തീയതി | കളക്ഷൻ തുക |
|---|---|---|---|---|
| 14 | 36614 | 14.4.23 | 17.4.23 | 600 |

## 1-12 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഒരു മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3-ൽ നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റി പ്രദേശത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 2022-23 വർഷം 1999-ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായി കാണുന്നില്ല. രെജിസ്ട്രേഷൻ എടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | ഫിനിഷിങ് അക്കാദമി ഫോർ സിവിൽ എൻജിനീയറിങ് |
| 2 | ശ്രീ ചന്ദ്രിക അക്കൗണ്ട്സ് എഡ്യൂക്കേഷൻ |
| 3 | ആലിഫ് അക്കാദമി |
| 4 | ടെക്ക് മേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് , വടക്കാഞ്ചേരി |
| 5 | പ്രൈം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് മാത്സ് |

ട്യൂട്ടോറിയൽ എന്ന നിർവ്വചനത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ആയത് സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണെന്നും 24.11.2017-ലെ 213/ആർ.ഡി.3/17/തസ്വഭവ നമ്പർ സർക്കുലറിലും നിർദ്ദേശിച്ചുണ്ട്. മുനിസിപ്പൽ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി മേൽ സൂചിപ്പിച്ച രെജിസ്ട്രേഷൻ പുതുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് .

## 1-13 പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി സ്വകാര്യ ആശുപത്രികളുടെയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ 3(1) പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും, പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതുണ്ട്. എന്നാൽ 2022-23 വർഷത്തെ പാരാമെഡിക്കൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രജിസ്റ്റർ, ലൈസൻസ് ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചത് പ്രകാരം 2022-23 വർഷം ലൈസൻസ് എടുത്തിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1. | സ്മൈൽ ഡെന്റൽ ക്ലിനിക് , ഓട്ടുപാറ | 10/842 |
| 2. | പാറമേക്കൽ ഡെന്റൽ യൂണിറ്റ്, ഓട്ടുപാറ | 10/231 |
| 3. | കൊച്ചിൻ അൾട്രാ സൗണ്ട് സ്കാനിംഗ് സെന്റർ, ഓട്ടുപാറ | 20/223 A |
| 4. | ഫാമിലി ഹൈ ടെക് ലാബ്, ഓട്ടുപാറ | 20/351 |
| 5. | മെട്രോ ഹൈ ടെക് ലാബ്, ഓട്ടുപാറ | 20/357 |
| 6. | നീതി കെയർ ലാബ് , ഓട്ടുപാറ | 20/364 |
| 7. | ലൂയി മേരി ഡയഗ്നോസ്റ്റിൽ | 20/400 |
| 8. | ശ്രീ ധന്വന്തരീയം ആയുർവേദ മെഡിക്കൽ സെന്റർ | 21/726 |
| 9. | മേലേതിൽ സ്പെഷ്യലിറ്റി ഡെന്റൽ ക്ലിനിക്ക് | 22/588 |

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 10 | മറിയം ത്രേസ്യ ഹോമിയോ മെഡിക്കൽ സെന്റർ | 25/11 |
| 11. | ബ്ലോസ്സം ഡെന്റൽ ക്ലിനിക്ക് അത്താണി | 32/1031,1032 |
| 12. | സന എക്സ്റേ ഇ.സി.ജി. സെന്റർ | 32/1025 |
| 13. | മകര ആയുർവേദ ആശുപത്രി | 36/246 |
| 14. | മിൻവേ ലബോറട്ടറി , മുണ്ടത്തിക്കോട് | 39/115, 116 |

രജിസ്റ്റർ ചെയ്യാതെയും നിയമവിരുദ്ധമായും പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 314 പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കേണ്ടതാണെന്നും, അതിനുശേഷവും വ്യവസ്ഥകൾ പാലിക്കപ്പെടാതെ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളിൽ നിന്നോ, പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നോ, ഓരോ ദിവസവും 1000/- രൂപ വരെയുള്ള നിരക്കിൽ ശിക്ഷാതുക ഈടാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും പിഴ സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ – 16/12.02.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് -സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കാതെ പ്രവർത്തിക്കുന്നു**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 2(51) പ്രകാരം വർഷം എന്നാൽ ഒരു സാമ്പത്തിക വർഷം എന്ന് നിർവചിച്ചിരിക്കുന്നതിനാൽ എല്ലാ വ്യാപാര ലൈസൻസികളും ഒരു സാമ്പത്തിക വർഷാരംഭത്തിലോ കേരള മുനിസിപ്പാലിറ്റി( വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് 30 ദിവസത്തിൽ കുറയാതെയുള്ള സമയത്തിനകമോ ലൈസൻസ് പുതുക്കേണ്ടതാണ്.
2022-23 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 ൽ ലൈസൻസ് നേടി പ്രവർത്തിച്ചിരുന്ന ചില സ്ഥാപനങ്ങൾ 2022-23 കാലയളവിലേക്ക് ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണുന്നു.
വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നം. | സ്ഥാപനങ്ങൾ | വാർഡ് /കെട്ടിട നം |
|---|---|---|
| 1 | ചിന്നൻസ് ഓട്ടോമൊബൈൽസ് | 15/332 |
| 2 | വിജയ് വുഡ് ഇൻഡസ്ട്രീസ് | 22/109 |
| 3 | ശാന്തിഗിരി ആയുർവേദിക്സ് | 22/450 |
| 4 | മഡോൺസ് ടെക്സ്റ്റേയിൽസ് | 22/616 |
| 5 | ടിക് ടോക് | 23/116-b2 |
| 6 | കഫെ ഹയാത്ത് | 25/76 |
| 7 | കളേഴ്സ് വടക്കാഞ്ചേരി | 25/49 |
| 8 | നിഷ ബേക്കറി | 25/164 |
| 9 | എൻ.ജി.എസ്. മൊബൈൽ ഷോപ്പ് | 25/205 |
| 10 | ശ്രീ ശാരദ ഓട്ടോമൊബൈൽ | 15/335 |
| 11 | റോയൽ ഓട്ടോമൊബൈൽ | 15/336 |
| 12 | ഫാമിലി സ്റ്റോഴ്സ് | 19/444 |
| 13 | പുലിക്കോട്ടിൽ സൺസ് | 19/492 |
| 14 | കെ. ആർ ബേക്കറി | 40/48 |
| 15 | എസ്. എസ്. ഫാഷൻ ടൈലറിങ് | 40/161 |
| 16 | കാവിങ്ങൽ ജ്വല്ലറി | 32/952 |

| ക്രമ നം. | സ്ഥാപനങ്ങൾ | വാർഡ് /കെട്ടിട നം |
|---|---|---|
| 17 | ശ്രീഹരി പ്രിന്റേഴ്‌സ് | 32/950 |
| 18 | പി. ആർ. ടീ സ്റ്റാൾ | 22/475 |
| 19 | ശ്രീകൃഷ്ണ ബേക്കറി | 34/510 |
| 20 | അൽ ബെഡ് ഫിഷ് ആൻഡ് ചിക്കൻ | 35/92 |
| 21 | ബിസ്മി സ്റ്റോഴ്സ് | 36/390 |
| 22 | ഗോൾഡൻ ഹോസ്റ്റൽ | 37/146 |
| 23 | സി. സി. ഐ. കെയർ മെഡിക്കൽസ് | 37/315 |
| 24 | ആൻജെൽ ബ്യൂട്ടി പാർലർ ആൻഡ് ടൈലറിങ് | 37/736 |
| 25 | പാരാമൗണ്ട് കൺസ്ട്രക്ക്ഷൻ | 32/146 |
| 26 | ഹേമലത ട്രേഡേഴ്സ് | 29/55 |
| 27 | ഹൈടെക് റൂഫ്സ് | 12/453 A |

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്, സർക്കാർ ഉത്തരവ് (പി) നമ്പർ 62/2020/തസ്വഭവ. എസ്.ആർ.ഒ. നമ്പർ 857/2020 തിരുവനന്തപുരം 30.10.2020 വിജ്ഞാപനപ്രകാരം, പട്ടിക I, പട്ടിക II എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ –21/ 12.2.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

ട്രേഡേഴ്സ് ലിസ്റ്റ്

നഗരസഭ ഫീൽഡ് പരിശോധന നടത്തി തയ്യാറാക്കി സൂക്ഷിച്ച ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ – 31 / 13-02-2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക രജിസ്റ്ററും എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ 2022-23 സാമ്പത്തിക വർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | പുഷ്പരാജൻ പി. കെ. | 10/29 |
| 2 | ഖാദർ | 10/299 |
| 3 | ബിന്ദു ടോണി | 10/302 |
| 4 | സിജോ സുരേഷ് | 3/942.A |
| 5 | എൽസി വറീത് | 20/903 |
| 6 | മുരളീധരൻ | 20/906, 907 |
| 7 | ബീവിക്കുട്ടി | 20/928 |
| 8 | മുസ്തഫ | 20/929 |
| 9 | ഹമീദ് | 20/930 |
| 10 | ഖാദർ | 20/931 |
| 11 | ചാക്കോച്ചൻ | 20/932 |
| 12 | യൂസഫ് | 20/933 |

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 13 | സൈനബ | 20/934 |
| 14 | സൈനബ | 20/935 |
| 15 | ജയകുമാർ | 20/936 |
| 16 | കബീർ | 20/937 |
| 17 | കബീർ | 20/938 |
| 18 | സൈനബ | 20/939 |
| 19 | തോമസ് | 20/940 |
| 20 | അബ്ദുൾ റഹ്മാൻ | 20/955 |
| 21 | മാമു | 20/954 |
| 22 | ഹമീദ് | 20/953 |
| 23 | മുഹമ്മദ് കുട്ടി | 20/952 |
| 24 | മുഹമ്മദ് കുട്ടി | 20/951 |
| 25 | നവാസ് | 20/950 |
| 26 | മൊയ്തീൻ കുട്ടി | 20/949 |
| 27 | ഷമീർ എ. എം. | 20/948 |
| 28 | മുഹമ്മദ് | 20/947 |
| 29 | അബ്ദുൾ ജമാൽ | 20/946 |
| 30 | മുഹമ്മദ് | 20/943 |
| 31 | അനിൽ കുമാർ | 20/926 |
| 32 | ഉമേഷ് എൻ. ജി. | 20/924 |
| 33 | ഉമേഷ് എൻ. ജി. | 20/922 |
| 34 | സണ്ണി കെ. വി. | 20/921 |
| 35 | ലില്ലി | 20/919 |
| 36 | ജനകീയ ഹോട്ടൽ | 20/917 |
| 37 | ശകുന്തള | 20/916 |
| 38 | അബ്ദുൾ റസാഖ് | 21/1195 |
| 39 | പ്രസ് ക്ലബ് (ഓഫീസ്) | 21/1198 |
| 40 | പ്രദീപ് | 21/1209 |

മേൽ സ്ഥാപനങ്ങളിൽ നിന്നും 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 570-ാം വകുപ്പ് പ്രകാരമുള്ള പിഴ ഉൾപ്പെടെയുള്ള ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-16 റേഷൻകടകൾ, മാവേലി സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല.

2011 ലെ കേരള മുനിസിപ്പാലിറ്റി വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പട്ടിക 2 ക്രമനമ്പർ 238, 300, 387 എന്നിവ പ്രകാരം യഥാക്രമം റേഷൻഡിപ്പോ, മാവേലിസ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയും, മൊബൈൽ ടവറുകൾക്കും, കള്ള് ഷാപ്പിനും ലൈസൻസ് എടുക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ നഗരസഭയുടെ 2022-23 ലെ ലൈസൻസ് രജിസ്റ്റർ പ്രകാരം മേൽപറഞ്ഞ യാതൊരു സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

നഗരസഭയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നഗരസഭാപരിധിയിൽ **24 റേഷൻ കടകൾ, 3 കള്ള് ഷാപ്പുകൾ, 40 മൊബൈൽ ടവറുകൾ** എന്നിവ പ്രവർത്തിക്കുന്നുണ്ട്. മേൽ സ്ഥാപനങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നൽകുകയും ലൈസെൻസ് എടുക്കാതെ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കേണ്ട നടപടികൾ

സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

**1-17 വാടകകുടിശ്ശികയിനത്തിൽ ഭീമമായ തുക അവശേഷിക്കുന്നു.**

നഗരസഭ ഉടമസ്ഥതയിലുള്ള വാടകയ്ക്ക് നൽകിയ കെട്ടിടമുറികളുടെ 2020 – 21 മുതലുള്ള വാടക അടവാക്കാത്തത് മൂലം ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു.

പരിശോധനക്ക് ലഭ്യമാക്കിയ വാടക രജിസ്റ്റർ പ്രകാരം 144 കെട്ടിടമുറികളാണ് വാടകയ്ക്ക് നൽകിയതായി കാണുന്നത്. 2022 -23 ലെ വാർഷികധനകാര്യപത്രിക പ്രകാരം 50,47,479/- വാടക കുടിശ്ശികയുണ്ട്. കെട്ടിടമുറികളുടെയും കുടിശ്ശികകാലയളവിന്റെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക കുടിശ്ശിക കാലയളവ് |
|---|---|---|
| 1 | 10/288 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 2 | 20/898 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 3 | 20/903 | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ |
| 4 | 20/930 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 5 | 20/933 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 6 | 20/953 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 7 | 20/944 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 8 | 20/925 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 9 | 20/924 | 2022 ഡിസംബർ മുതൽ 2023 മാർച്ച് വരെ |
| 10 | 20/923 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 11 | 20/920 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 12 | 20/918 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 13 | 7/1 | 2022 ഒക്ടോബർ മുതൽ 2023 മാർച്ച് വരെ |
| 14 | 7/2 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 15 | 7/3 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 16 | 32/866 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 17 | 32/859 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 18 | 16/439 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |

| ക്രമ നമ്പർ | കെട്ടിട നമ്പർ | വാടക കുടിശ്ശിക കാലയളവ് |
|---|---|---|
| 19 | 16/441A | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 20 | 16/436G | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 21 | 16/436 H | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |
| 22 | 10/420 | 2022 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ |

കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ - 39 / 14.2.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വിനോദ നികുതി ഈടാക്കുന്നതിന്റെ കൃത്യമായ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

31.08.2019ലെ സ.ഉ.(കൈ)നം.112/2019/ത.സ്വ.ഭ.വ പ്രകാരം 100 രൂപയിൽ താഴെയുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ വിനോദനികുതി നിരക്കുകൾ പുതുക്കി പ്രാബല്യതിയതി 01.09.2019 ആയി നിശ്ചയിച്ചിട്ടുള്ളതുമാണ്. ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദനികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഒരേ ഉടമസ്ഥതയിലുള്ള രണ്ട് തീയേറ്ററുകളാണ് നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്നത്.

1. താളം മൂവി
2. ന്യൂ രാഗം

വിനോദനികുതി കണക്കാക്കിയതിന്റെ 2 തീയറ്ററിന്റെയും ഒന്നിച്ചുള്ള സ്റ്റേറ്റ്മെന്റാണ് സ്ഥാപനഉടമ ലഭ്യമാക്കിയിട്ടുള്ളത്.

2022-23 വാർഷിക കണക്ക് പ്രകാരം (RP-1) വിനോദനികുതി ഇനത്തിൽ 10,88,386/- രൂപ വരവുണ്ട്. എന്നാൽ വിനോദനികുതി ഇനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**1. ജി.എസ്.ടി റിട്ടേണിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല**

2022-23 ൽ തിയേറ്ററുകളിൽ നിന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണം അനുസരിച്ച് വിനോദനികുതി ഈടാക്കുന്നതിനു പകരം തിയേറ്ററുകൾ സമർപ്പിച്ച പ്രതിമാസ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഈടാക്കിയിട്ടുള്ളത്. ജി.എസ്.ടി റിട്ടേൺ ഹാജരാക്കേണ്ടതാണ്.

**2. ടിക്കറ്റ് നിരക്ക്**

ഓരോ തിയറ്ററിലുമുള്ള ടിക്കറ്റ് നിരക്ക് എത്രയെന്ന് മനസ്സിലാക്കുന്നതിനുള്ള രേഖകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. യഥാർത്ഥത്തിൽ വിറ്റ ടിക്കറ്റുകളുടെ കൃത്യതയും ഉറപ്പാക്കിയിട്ടില്ല. ടിക്കറ്റിന്റെ നിരക്കിന് ആനുപാതികമായിട്ടാണ് വിനോദ നികുതി കണക്കാക്കേണ്ടത്. ടിക്കറ്റിന്റെ നിരക്ക് ലഭ്യമല്ലാത്തതിനാൽ ഈടാക്കിയ നികുതിയുടെ കൃത്യതയും ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

**3. വിനോദ നികുതി രജിസ്റ്റർ**

ഓരോ തിയറ്ററിൽ നിന്നും ഈടാക്കുന്ന വിനോദ നികുതി രേഖപ്പെടുത്തുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**4. വിനോദ നികുതി വൈകി അടവാക്കുന്ന തിയേറ്റർ ഉടമകളിൽ നിന്നും പിഴ ഈടാക്കുന്നില്ല**

ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി വിനോദ നികുതിയിനത്തിൽ പിരിച്ച തുക തൊട്ടടുത്ത മാസം മൂന്നാം തിയതിക്കകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നിരിക്കെ വൈകി അടവാക്കിയ മാസങ്ങളിൽ വൈകിയതിന് പിഴപ്പലിശ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫ്രണ്ട് ഓഫീസിൽ ചെക്ക് | പിരിച്ചെടുത്ത് അടവാക്കുന്ന മാസം | അടവാക്കിയ തുക |
|---|---|---|---|

| | നൽകിയ തീയതി | | |
|---|---|---|---|
| 1. | 06/04/2022 | 3/2022 | 88,633 |
| 2. | 05/05/2022 | 4/2022 | 1,37,746 |
| 3. | 04/06/2022 | 5/2022 | 1,11,774 |
| 4. | 06/07/2022 | 6/2022 | 74,087 |
| 5. | 08/08/2022 | 7/2022 | 70,946 |
| 6. | 05/09/2022 | 8/2022 | 1,05,215 |
| 7. | 12/10/2022 | 9/2022 | 55,409 |
| 8. | 11/11/2022 | 10/2022 | 99,478 |
| 9. | 12/12/2022 | 11/2022 | 67,710 |
| 10. | 12/01/2023 | 12/2022 | 43,616 |
| 11. | 09/02/2023 | 1/2022 | 1,43,674 |
| 12. | 13/03/2023 | 2/2022 | 86,918 |
| | **തീയറ്ററിൽ നിന്നുള്ള ആകെ വരവ്** | | **10,85,206** |

3-ാം തീയതിക്ക് ശേഷം തുക ഈടാക്കുമ്പോൾ തുകയോടൊപ്പം പിഴ പലിശ കൂടി ഈടാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ – 49/15.2.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വരവിന്റെ കൃത്യത പരിശോധന നടത്താൻ ആവശ്യമായ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-19 കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല**

2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭയിലെ വിവിധ പ്രവൃത്തികളുടെ കരാറുകാരായ താഴെ ചേർക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

| ക്രമ നം. | പേര് | ക്രമ നം. | പേര് |
|---|---|---|---|
| 1 | പി.വി.സുബ്രമണ്യൻ | 18 | പ്രദീപ് കുമാർ കൊല്ലാറ |
| 2 | ഇ.വി,വിനീഷ് | 19 | വിമൽശങ്കർ |
| 3 | വി.അശോകൻ | 20 | പി.മമ്മികുട്ടി |
| 4 | പ്രജിത്ത്.വി.പി | 21 | ടി.എൻ.ശശികുമാർ |
| 5 | എ.പി.വിനോദ് | 22 | സജിത്ത്.പി.എസ് |
| 6 | സന്തോഷ് കുമാർ.കെ.കെ | 23 | സാംജിത്ത് |
| 7 | എൻ.എൽ.വിൽസൺ | 24 | വാവച്ചൻ |
| 8 | സ്റ്റാൻലി.കെ.പി | 25 | വി.എസ്.വിഷ്ണു |
| 9 | ടി.എ.അബൂബക്കർ | 26 | ഷൗക്കത്ത്.സി.കെ |
| 10 | സിദ്ധിക്ക്.എം.കെ | 27 | വി.കെ.ഉണ്ണികൃഷ്ണൻ |
| 11 | സിദ്ധിക്ക്.എൻ | 28 | നവാസ്.എ.എ |
| 12 | സജയകുമാർ.എം.എസ് | 29 | റിതേഷ്.കെ.ആർ |
| 13 | അബ്ദുൾ റഷീദ് | 30 | റോണി അഗസ്റ്റിൻ |
| 14 | പ്രശാന്ത്.ബി | 31 | പി.സി.ദേവസ്സി |
| 15 | അലക്സ്.പി.മാത്യു | 32 | യൂസഫ് താഴത്തേതിൽ |
| 16 | അനൂപ്.പി.മാത്യു | 33 | വെങ്കിടരമണൻ.പി.എസ് |
| 17 | വി.കെ.സുരേന്ദ്രൻ | | |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 48/15.02.2024 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. മുഴവൻ

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-20 സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 2 | കേരള ഗ്രാമീൺ ബാങ്ക്, മുണ്ടത്തിക്കോട് | I & II Half |
| 3 | കേരള സംസ്ഥാന സഹകരണ ബാങ്ക്, മെഡിക്കൽ കോളേജ് ബ്രാഞ്ച് | I & II Half |
| 4 | കേരള സംസ്ഥാന സഹകരണ ബാങ്ക്, മെഡിക്കൽ കോളേജ് ഈവനിങ്ങ് ബ്രാഞ്ച് | I & II Half |
| 5 | പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | I & II Half |
| 6 | ഫെഡറൽ ബാങ്ക്, അത്താണി | I & II Half |
| 7 | ഫെഡറൽ ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 8 | ITU ബാങ്ക്, അത്താണി | I & II Half |
| 9 | ITU ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 10 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മിണാലൂർ | I & II Half |
| 11 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, SME വടക്കാഞ്ചേരി | I & II Half |
| 12 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ടൗൺ ബ്രാഞ്ച് | I & II Half |
| 13 | ധനലക്ഷ്മി ബാങ്ക്, അത്താണി | I & II Half |
| 14 | ധനലക്ഷ്മി ബാങ്ക്, കുമരനെല്ലൂർ | I & II Half |
| 15 | മുത്തൂറ്റ് ഫിൻകോർപ്പ്, അത്താണി | I & II Half |
| 16 | മുത്തൂറ്റ് മൈക്രോ ഫിൻകോർപ്പ്, വടക്കാഞ്ചേരി | I & II Half |
| 17 | AXIS ബാങ്ക്, ഓട്ടുപാറ | I & II Half |
| 18 | ഇസാഫ്, വടക്കാഞ്ചേരി | I & II Half |
| 19 | സൗത്ത് ഇന്ത്യൻ ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 20 | ഗവ. സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | I & II Half |
| 21 | യൂണിയൻ ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 22 | ICICI ബാങ്ക് | I & II Half |
| 23 | പഞ്ചാബ് നാഷണൽ ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 24 | ഫ്യൂച്ചർ വെൽത്ത് നിധി ലിമിറ്റഡ് | I & II Half |
| 25 | ചെമ്മണ്ണൂർ ക്രെഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡ്, അത്താണി | I & II Half |

| | | |
|---|---|---|
| 26 | സ്പന്ദന സ്ഫൂർത്തി ഫിനാൻഷ്യൽ ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 27 | തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘം | I & II Half |
| 28 | SML ഫിനാൻസ് ലിമിറ്റഡ് | I & II Half |
| 29 | വഞ്ചിനാട് ഫിനാൻസ് പ്രൈ. ലിമിറ്റഡ്, ഓട്ടുപാറ | I & II Half |
| 30 | രാധാകൃഷ്ണ ഫിനാൻസ്, വടക്കാഞ്ചേരി | I & II Half |
| 31 | മെൽക്കർ ഫിനാൻസ് & ലീസിങ്ങ് പ്രൈ. ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 32 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 33 | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 34 | ഭാരത് ലജ്ന മൾട്ടി സ്റ്റേറ്റ് ഹൗസിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | I & II Half |
| 35 | റിലയന്റ് ക്രെഡിറ്റ്സ് ഇന്ത്യ ലിമിറ്റഡ് | I & II Half |
| 36 | ധനലക്ഷ്മി ഹയർ പർച്ചേസ് & ലീസിങ്ങ് ലിമിറ്റഡ് | I & II Half |
| 37 | ശ്രീ ഗോകുലം ചിറ്റ്സ് & ഫിനാൻസ് കമ്പനി ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 38 | LIC | I & II Half |
| 39 | HDFC ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 40 | വടക്കാഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് | I & II Half |
| 41 | വടക്കാഞ്ചേരി ബ്ലോക്ക് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I & II Half |
| 42 | പുതുരുത്തി സർവ്വീസ് സഹകരണ ബാങ്ക് | I & II Half |
| 43 | വടക്കാഞ്ചേരി മുനിസിപ്പാലിറ്റി വനിത സഹകരണ സംഘം | I & II Half |
| 44 | ഇൻഡസ് ഇൻഡ് ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 45 | യൂണിമണി ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | I & II Half |
| 46 | ബെൽസ്റ്റാർ മൈക്രോഫിനാൻസ് ലിമിറ്റഡ് | I & II Half |
| 47 | ജനറൽ കുറീസ് & ലോൺസ് പ്രൈ. ലിമിറ്റഡ് | I & II Half |
| 48 | ദി ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | I & II Half |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 38/14.02.2024 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-21 ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി

അടച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | അസി. എഞ്ചിനീയർ, PWD സ്പെഷ്യൽ ബിൽഡിംഗ്സ്, എം.ജി.കാവ് | I & II Half |
| 2 | സ്പിന്നർ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, അത്താണി | I & II Half |
| 3 | പോലീസ് സ്റ്റേഷൻ, മുളങ്കുന്നത്തുകാവ് | I & II Half |
| 4 | പോലീസ് സ്റ്റേഷൻ, വടക്കാഞ്ചേരി | I & II Half |
| 5 | പോസ്റ്റ് ഓഫീസ്, പാർളിക്കാട് | I & II Half |
| 6 | ഗവ. ഡെന്റൽ കോളേജ്, മെഡിക്കൽ കോളേജ് | I & II Half |
| 7 | കാത്തലിക് സിറിയൻ ബാങ്ക്, മുണ്ടത്തിക്കോട് | II Half |
| 8 | വടക്കാഞ്ചേരി ബ്ലോക്ക് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II Half |
| 9 | ന്യൂ ഓപ്പർച്യൂണിറ്റി കൺസൾട്ടൻസി പ്രൈ. ലിമിറ്റഡ് | II Half |
| 10 | ജി.എൽ.പി.എസ്, ഓട്ടുപാറ | I Half |
| 11 | ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്, വടക്കാഞ്ചേരി | I & II Half |
| 12 | സപ്ലൈകോ താലൂക്ക് ഡിപ്പോ, വടക്കാഞ്ചേരി | II Half |
| 13 | മാക്സ് വാല്യൂ കൺസൾട്ടൻസി പ്രൈ. ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 14 | ഗവ. ഗേൾസ് എച്ച്.എസ്, വടക്കാഞ്ചേരി | I Half |
| 15 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, ഓട്ടുപാറ | I & II Half |
| 16 | കേരള സംസ്ഥാന വികസന ക്ഷേമനിധി ബോർഡ് റീജണൽ ഓഫീസ്, വടക്കാഞ്ചേരി | I Half |
| 17 | പാലക്കാട് കെ.എസ്.സി.എസ്.സി, റീജണൽ ഓഫീസ്, വടക്കാഞ്ചേരി | I & II Half |
| 18 | മുത്തൂറ്റ് സെക്യൂരിറ്റീസ് ലിമിറ്റഡ്, വടക്കാഞ്ചേരി | I & II Half |
| 19 | പോസ്റ്റ് ഓഫീസ്, വ്യാസഗിരി | I & II Half |
| 20 | സബ് ട്രഷറി, തലപ്പിള്ളി | I & II Half |
| 21 | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജ് എംപ്ലോയീസ് സഹകരണ സംഘം | I & II Half |
| 22 | E-Com എക്സ്പ്രസ്സ് പ്രൈ. ലിമിറ്റഡ് മുണ്ടത്തിക്കോട് | II Half |
| 23 | ക്രിസ് റോസ് പോളിമേഴ്സ് & കോട്ടിങ്ങ്സ്, പെരിങ്ങണ്ടൂർ | I & II Half |
| 24 | എലൈറ്റ് ഗാർഡേനിയ LLP, പെരിങ്ങണ്ടൂർ SIDCO | II Half |

| | | |
|---|---|---|
| 25 | ഇൻസ്റ്റ കാർട്ട് പ്രൈ. ലിമിറ്റഡ് | I & II Half |
| 26 | റബ്ബർ ബോർഡ് ഫീൽഡ് ഓഫീസർ | I & II Half |
| 27 | ഫുഡ് സേഫ്റ്റി ഓഫീസ്, ചേലക്കര സർക്കിൾ | I & II Half |
| 28 | അസാപ് സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ, GMBHSS, വടക്കാഞ്ചേരി | I & II Half |
| 29 | ICL ഫിൻകോർപ്പ് ലിമിറ്റഡ് | I & II Half |
| 30 | ഗവ. മോഡൽ റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | I & II Half |
| 31 | ടെക്മേറ്റ് ഇൻസ്റ്റിറ്റ്യൂട്ട്, വടക്കാഞ്ചേരി | I & II Half |
| 32 | തൃശ്ശൂർ നിധി ലിമിറ്റഡ് | I & II Half |
| 33 | പി.എൻ.വൈ സഭ ഫിനാൻസ് ലിമിറ്റഡ് | I & II Half |
| 34 | AEO ഓഫീസ് | II Half |
| 35 | ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് | I & II Half |
| 36 | ജി.എൽ.പി.എസ് ഗേൾസ്, വടക്കാഞ്ചേരി | II Half |
| 37 | ജെ.എം.ജെ ഫിനാൻസ് ലിമിറ്റഡ് | I & II Half |
| 38 | പട്ടാമ്പി സ്റ്റോഴ്സ് | II Half |
| 39 | ഇഷാൻ ആൻറോ ഇൻഡസ്ട്രീസ് | I & II Half |
| 40 | ട്രേഡേഴ്സ് ഹൈപ്പർമാർക്കറ്റ് | I & II Half |
| 41 | വികാസ് മണി ലിമിറ്റഡ് | I & II Half |
| 42 | അസി. കമ്മീഷണർ, സ്റ്റേറ്റ് ടാക്സ് (ഇന്റലിജൻസ് യൂണിറ്റ്) | I Half |
| 43 | ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോർട്ട് (പോക്സോ) | I Half |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 37/14.02.2024 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-22 തൊഴിൽ നികുതി കുറവായി ഈടാക്കി**

ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ് കോ-ഓപ്പറേറ്റീവ് (ഇന്ത്യ) ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 2022-23 രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി പത്രിക പ്രകാരം ജീവനക്കാരുടെ വരുമാനത്തിന് ആനുപാതികമായ നികുതി അടവാക്കിയിട്ടില്ല. വിവരം താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | അർദ്ധവാർഷിക വരുമാനം | അടവാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് വന്ന തുക |
|---|---|---|---|---|
| വിനീഷ്.ടി | 1,50,000 | 300 | 1250 | 950 |
| രാഗി.പി.ആർ | 90,000 | 180 | 750 | 570 |
| അനുചന്ദ്രൻ.എം.വി | 90,000 | 450 | 750 | 300 |
| നീതു.എ.ബി | 90,000 | 450 | 750 | 300 |

മേൽ സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി (രണ്ട് അർദ്ധവർഷങ്ങളിലെയും) എന്നിവ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 48/15.02.2024) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതും ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

പല സ്ഥാപനങ്ങളും തൊഴിൽ നികുതി പത്രിക ഹാജരാക്കുമ്പോൾ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം

രേഖപ്പെടുത്തുന്നില്ല. വരും വർഷങ്ങളിൽ അർദ്ധവാർഷിക വരുമാനം കൃത്യമായി രേഖപ്പെടുത്തിയ തൊഴിൽ നികുതി പത്രിക ഹാജരാക്കുന്നതിന് സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

**1-23 പെർമിറ്റ് ഫയലുകൾ - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല**

I) ഫയൽ നം. E2-7088/23, E2/12537/23

തലപ്പിള്ളി താലൂക്ക്, കുമരനെല്ലൂർ വില്ലേജ് സർവ്വേ നം. 57/3, വി.സി.ഏല്യാസ് & റെയ്ച്ചൽ ഏല്യാസ് ഉടമസ്ഥതയിലുള്ള കെട്ടിട നമ്പർ 10/1023 ന മുകളിൽ M/s ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന്റെ Microwave 24M Rita-Roof Top Telecommunication Tower (Tower Height - 40 Mtr) സ്ഥാപിക്കുന്നതിന് പെർമിറ്റ് നമ്പർ BA-558/2022-23, തീ.30.03.2023 പ്രകാരം അനുമതി നൽകുകയും 24.20 $M^2$ നിർമ്മാണത്തിന് 04.11.2023 തീയതിയിൽ ഫയൽ നം. E2/12537/23 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുതത ഫയൽ സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയില്ല.

1) അംഗീകരിച്ച പ്ലാൻ ഫയലിൽ ലഭ്യമാക്കിയിട്ടില്ല
2) നിർമ്മാണ അനുമതി നൽകിയ പെർമിറ്റിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ല
3) പെർമിറ്റ് ഫീസ് അടവാക്കിയതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല.
4) കുമരനെല്ലൂർ വില്ലേജിൽ നിന്നും അനുവദിച്ച ഭൂനികുതി രശീതി നം. KL08025303003/2022, പൊസഷൻ സർട്ടിഫിക്കറ്റ് നം. 72353495/09.11.2022 എന്നിവ പ്രകാരം സർവ്വേ നം. 57/3 ൽപെട്ട 14.97 ആർ വസ്തു നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലത്തിൽ ഉൾപ്പെട്ട വസ്തുവിൽ നിർമ്മാണ അനുമതി നൽകിയതിന്റെ കാരണം അറിയിച്ചിട്ടില്ല.

II) മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ്സ് ലിമിറ്റഡ്, അത്താണി എന്ന സ്ഥാപനത്തിന്റെ മിണാലൂർ വില്ലേജ് സർവ്വേ നം. 186/5, 186/1, 185/1 എന്നിവയിൽപ്പെട്ട മൊത്തം 592.26 ആർ സ്ഥലത്ത് നിലവിലുള്ള 8274.17 ച.മീ G1 ഗണത്തിൽപ്പെട്ട നിർമ്മിതിയോടനുബന്ധിച്ച് 178.70 ച.മീ E ഗണത്തിൽപ്പെട്ട ഓഫീസ് കെട്ടിടം നിർമ്മിച്ചത് BR-105/22-23 പ്രകാരം ക്രമവൽക്കരിച്ച് നൽകുകയും (രശീതി നം. 01/122100110302/08.02.2023 പ്രകാരം 5461/- രൂപ ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടുണ്ട്) ഫയൽ നം. E2/5491/22, തീ. 08.02.2023 പ്രകാരം ഒക്യുപൻസി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ ടൗൺ പ്ലാനറുടെ 09.02.2021 തീയതിയിലെ TCPTSR/112/2021-C2 നമ്പർ കത്തിൽ നിർദ്ദേശിച്ചിരുന്ന അപാകതകൾ പരിഹരിച്ച് ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുകയോ ജില്ലാ ടൗൺ പ്ലാനറുടെ അനുമതി ലഭ്യമാക്കാതെയാണോ കെട്ടിടം ക്രമവൽക്കരിച്ച് ഒക്യുപൻസി നൽകിയിരിക്കുന്നത് എന്നുമുള്ള വിവരം അറിയിക്കുകയുണ്ടായില്ല.

മേൽ അപാകങ്ങൾക്ക് മറുപടി നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 7/09.02.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-24 പെർമിറ്റ് ഫീസ് കുറവായി ഈടാക്കി**

1) ഫയൽ നം. E2-9899/22

വിനോദ് കുമാർ, S/o കരുണാകരൻ, പാറയിൽ വീട് എന്നവരുടെ തലപ്പിള്ളി താലൂക്ക്, പെരിങ്ങണ്ടൂർ വില്ലേജ് സർവ്വേ നം. 200/3, 200/3-1, 200/3-2 എന്നിവയിൽപ്പെട്ട മൊത്തം 24.30 ആർ സ്ഥലത്ത് 9 വില്ലകൾ പണിയുന്നതിന് BA-163/22-23, തീ. 20.10.2022 പ്രകാരം ആകെ 1389.57 ച.മീ (169.97+149.07+153.38+148.38 +153.70+164.91+139.85+156.84+153.47) നിർമ്മാണത്തിനായി അനുമതി നൽകിയിരുന്നു. ആയതിന്റെ ഫീസായി രശീതി നം. 01/12210110053/20.10.22 പ്രകാരം 8300/- രൂപയാണ് ഈടാക്കിയത്. 150 ച.മീറ്ററിന് മുകളിലുള്ളതിന് 7/- രൂപ നിരക്കിലും അതിന് താഴെയുള്ളതിന് പകുതി നിരക്കിലും 100/- രൂപ പോസ്റ്റൽ & ഇൻസ്പെക്ഷൻ ചാർജ്ജ് സഹിതമാണ് ഈടാക്കിയത്. മൊത്തം 1389.57 ച.മീ നിർമ്മാണത്തിനും 7/- രൂപ നിരക്കിൽ 9830/- രൂപ (1389.57x7 + ഇൻസ്പെക്ഷൻ ചാർജ്ജ് 100/-) പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്. സാധാരണക്കാരായ ആളുകളുടെ താരതമ്യേന ചെറിയ വീടുകൾക്ക് (150 ച.മീറ്ററിന് താഴെയുള്ളതിന്) പെർമിറ്റ് ഫീസ് പകുതി മാത്രം വാങ്ങി ഇളവ് അനുവദിക്കുക എന്ന നയത്തിന് വിരുദ്ധമായാണ് വില്ലകളുടെ നിർമ്മാണത്തിനായി ഇവിടെ ഇളവ് നൽകിയിട്ടുള്ളത്. ആയതിനാൽ പെർമിറ്റ് ഫീസിനത്തിൽ 1530/- (9830-8300) രൂപയുടെ കുറവ് വന്നിട്ടുണ്ട്.

2) ഫയൽ നം. E2-5519/22

ഗിരീശൻ & രാധാകൃഷ്ണൻ, കുറുപ്പത്ത് വീട്, കാഞ്ഞിരക്കോട് എന്നവരുടെ എങ്കക്കാട് വില്ലേജ് സർവ്വേ നം. 187/9-2 ൽപെട്ട 6.17 ആർ വസ്തുവിൽ 736.83 $M^2$ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് BA-17/22-23, തീ. 18.06.2022 പ്രകാരം അനുമതി നൽകിയിരുന്നു. വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് ഫീസ് 10/- രൂപ നിരക്കിൽ ഈടാക്കേണ്ടതിന് പകരം 7/- രൂപ നിരക്കിൽ 5,258/- രൂപ മാത്രമാണ് രശീതി നമ്പർ 01/122100102233/18.06.2022 പ്രകാരം ഈടാക്കിയിട്ടുള്ളത്. ഇത് പ്രകാരം പെർമിറ്റ് ഫീസിനത്തിൽ 2210/- (ഫീസ് നിരക്കിൽ വന്ന വ്യത്യാസമായ 3 രൂപ പ്രകാരം 736.83x3=2210) രൂപയുടെ കുറവ് വന്നിട്ടുണ്ട്.

3) ഫയൽ നം. E2-17597/22

ടി.യു.പ്രീതി, സോപാനം സൗഹൃദ ഗാർഡൻ, വടക്കാഞ്ചേരി എന്നവരുടെ മിണാലൂർ വില്ലേജ് സർവ്വേ നം. 168/24-1 ൽപെട്ട 4.05 ആർ വസ്തുവിൽ 641.67 $M^2$ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് BA-318/22-23, തീ. 17.12.2022 പ്രകാരം അനുമതി നൽകിയിരുന്നു. വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് ഫീസ് 10/- രൂപ നിരക്കിൽ ഈടാക്കേണ്ടതിന് പകരം 7/- രൂപ നിരക്കിൽ 4,592/- രൂപ മാത്രമാണ് രശീതി നമ്പർ 01/122100900589/17.12.2022 പ്രകാരം ഈടാക്കിയിട്ടുള്ളത്. പെർമിറ്റ് ഫീസിനത്തിൽ 1,925/- (ഫീസ് നിരക്കിൽ വന്ന വ്യത്യാസമായ 3 രൂപ പ്രകാരം 641.67x3=1925) രൂപയുടെ കുറവ് വന്നിട്ടുണ്ട്.

ആകെ കുറവ് വന്ന തുകയായ 5,665/- (1925+2210+1530) രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 9/09.02.2024 ന് മറുപടി ലഭ്യമാക്കിയില്ല)

## 1-25 ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

1) ഫയൽ നം. R1/A7/12929/16

പെർമിറ്റ് നം. A7/12929/16, തീ.20.01.2017 പ്രകാരം നിർമ്മാണ അനുമതി ലഭ്യമായിട്ടുള്ള ജോസഫ് & സോണി, കണ്ണനായ്ക്കൽ വീട് എന്നവരുടെ 280.40 ച.മീ വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റിന് ഒക്യുപൻസി നൽകുകയും 37/390 B മുതൽ B6 വരെ നമ്പർ നൽകി നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പെർമിറ്റിന്റെ മൂന്ന് വർഷ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കിയതിന്റെയും ആയതിന് ഫീസ് ഈടാക്കിയതിന്റെയും വിവരമോ അല്ലെങ്കിൽ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിന്റെ വിവരമോ ലഭ്യമാക്കിയില്ല.

2) ഫയൽ നം. R1/2588/23

അബ്ദുൾ ഷുക്കൂർ, മാനാത്ത് പറമ്പിൽ എന്നവരുടെ 14/156A, A1, A2 എന്നീ നമ്പർ നൽകിയിട്ടുള്ള വാണിജ്യ കെട്ടിടത്തിന് മുകളിൽ 221.65 ച.മീ നിർമ്മാണം നടത്തി നമ്പറിങ്ങിനായി സമർപ്പിക്കുകയും 14/156 A3 എന്ന നമ്പർ നൽകി നികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ നിർമ്മാണം ക്രമവൽക്കരിച്ച് ഫീസ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

3) ഫയൽ നം. R1/E2/19899/22

ഉഷ.എം, സുനിൽ.എം & അനിൽ.എം എന്നവരുടെ കെട്ടിടം BR-88/22-23, Dt.10.01.2023 പ്രകാരം ക്രമവൽക്കരണം നടത്തുകയും E2/19899/22, തീ. 10.01.2023 പ്രകാരം ഒക്യുപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിട നമ്പർ 26/457, 462, 457A, 457B എന്നിങ്ങനെ നമ്പറുകൾക്ക് നികുതി നിർണ്ണയം നടത്തുകയും ചെയ്തു. ഈ കെട്ടിടത്തിന്റെ ക്രമവൽക്കരണ ഫീസ് ഈടാക്കിയ വിവരം ലഭ്യമാക്കിയില്ല.

മേൽ ഫയലുകളിൽ ക്രമവൽക്കരണ ഫീസ് ഈടാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 24/12/02.2024 ന് മറുപടി ലഭ്യമാക്കിയില്ല. ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ലെങ്കിൽ ആയത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 മാസ്റ്റർ പ്ലാൻ - ഫയലുകളിലെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

മാസ്റ്റർ പ്ലാൻ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 8/09.02.2024 ന് ലഭ്യമാക്കിയ മറുപടിയിൽ 29.06.2020 തീയതിയിലെ ഭരണസമിതി തീരുമാനം നം. 15 പ്രകാരം അംഗീകരിച്ച കരട് മാസ്റ്റർ പ്ലാൻ, 2016 ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ട്, അദ്ധ്യായം 5, സെക്ഷൻ 36(4) അനുസരിച്ച് സർക്കാർ പ്രസിദ്ധീകരണാനുമതി നൽകുകയും 04.10.2021 ലെ ഗസറ്റിൽ 2891 നമ്പറായി പ്രസിദ്ധീകരിക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച തീയതി മുതൽ കെട്ടിട നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ആരംഭിച്ചതായും

അറിയിച്ചിരിക്കുന്നു.
മാസ്റ്റർ പ്ലാൻ അനുസരിച്ച് കെട്ടിട നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ കണ്ട വിവരങ്ങളെ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിൽ ആരാഞ്ഞിരുന്നുവെങ്കിലും മറുപടിയിൽ പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കുകയുണ്ടായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I) ഫയൽ നം. E2-13659/22
പുതുരുത്തി സെന്റ് പയസ് ടെൻത്ത് ചർച്ച് വികാരിയുടെ ഉടമസ്ഥതയിലുള്ള പുതുരുത്തി വില്ലേജ് സർവ്വെ നം. 43/10 ൽപെട്ട 20.40 ആർ സ്ഥലത്ത് 723.29m$^2$ വിസ്തീർണ്ണമുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് BA-274/22-23, തീ. 16.11.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരം പ്രസ്തുത സർവ്വേ നമ്പർ റസിഡൻഷ്യൽ സോണിലാണ് ഉൾപ്പെടുന്നത് എന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. റസിഡൻഷ്യൽ സോണിൽ 9 മീറ്റർ റോഡ് ആക്സസ് ഉള്ള സ്ഥലത്ത് പരമാവധി 500 M$^2$ വരെയുള്ള ഓഡിറ്റോറിയം നിർമ്മിക്കുന്നതിനാണ് അനുമതി നൽകാവുന്നത്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നിബന്ധന പാലിക്കാതിരുന്നതിന്റെ കാരണം മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആരാഞ്ഞിരുന്നുവെങ്കിലും വിവരം അറിയിക്കുകയുണ്ടായില്ല.

II) ഫയൽ നം. E2-21529/22
Quichill Foods Pvt Ltd ഡയറക്ടർ സന്ദീപ് കൃഷ്ണൻകുട്ടി മേനോൻ & നവീൻ, പടിഞ്ഞാറ്റട്ട് വീട്, ചിയ്യാരം എന്നവരുടെ വടക്കാഞ്ചേരി വില്ലേജിലെ റീസർവ്വേ നം. 55/25 ൽപെട്ട സ്ഥലം മാസ്റ്റർ പ്ലാൻ പ്രകാരം Dry Agricultural Zone ൽ ഉൾപ്പെടുന്നതിനാൽ ടിയാരുടെ 463.80 ച.മീ ഗോഡൗൺ നിർമ്മാണം അനുവദിക്കാനാവില്ലായെന്നും പരമാവധി 200 ച.മീ നിർമ്മാണമാണ് അനുവദിക്കാവുന്നതെന്നും അറിയിക്കുകയും തുടർന്ന് 199.20 ഗോഡൗൺ നിർമ്മിക്കുന്നതിന് പെർമിറ്റ് നം. BA-386/22-23, തീ. 15.02.2023 പ്രകാരം അനുമതി നൽകുകയുമുണ്ടായി.
പിന്നീട് ടിയാളുകൾ ആയത് അവരുടെ വ്യാപാര ആവശ്യത്തിന് പര്യാപതമല്ലെന്നും മാസ്റ്റർ പ്ലാൻ അന്തിമമാക്കിയിട്ടില്ലാത്തതും ഡ്രാഫ്റ്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ മാത്രമാണ് നിലവിലുള്ളതെന്നും ആയതിനാൽ മുഴുവൻ വിസ്തീർണ്ണത്തിനും നിർമ്മാണ അനുമതി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C) 18096/2023(J) നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. മേൽ കേസിന്റെ നിലവിലെ സ്ഥിതി, നഗരസഭ എതിർ സത്യവാങ്മൂലം നൽകിയതിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുവാൻ മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
2016 ലെ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ട്, അദ്ധ്യായം 5, സെക്ഷൻ 36 ൽ നിർദ്ദേശിക്കും പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള മുഴുവൻ നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതും മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

താഴെ പറയുന്ന 250 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചപ്പോൾ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തിയിട്ടില്ല. സ്ഥല പരിശോധനാ റിപ്പോർട്ടിൽ തറ നിർമ്മിതിയുടെ തരം രേഖപ്പെടുത്തിയിട്ടില്ല.

| ഫയൽ നം. | ഉടമയുടെ പേര് | കെട്ടിട നം. | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം | നികുതി നിർണ്ണയിച്ച വിവരം (L.C, S.C ഒഴികെ) |
|---|---|---|---|---|---|
| R1/PW1 /6285/19 | ശാന്തികുമാർ.കെ, കോട്ടയിൽ കഴുങ്ങുവളപ്പിൽ | 40/377A | പാർപ്പിടം | 251.94m$^2$ | 251.94x8 |
| R1/E2/5848/22 | ബഷീർ, പുതിയവീട്ടിൽ | 30/352 | പാർപ്പിടം | 275.32m$^2$ | 275.32x8+20% (വഴി സൗകര്യം) |
| R1/E2/3515/23 | ശശീന്ദ്രകുമാർ, കുന്നത്തുള്ളി | 15/452A | പാർപ്പിടം | 253.34m$^2$ | 253.34x8+20% (വഴി |

| | | | | | |
|---|---|---|---|---|---|
| | | | | | സൗകര്യം) |
| R1/E2/1199/23 | സഹജ്ഞ.കെ.എ, കാർമൽ വീട് | 14/239B | പാർപ്പിടം | $274.13m^2$ | 274.13x8-10% (മേഖല) |
| R1/E2/5479/22 | പ്രശാന്ത് കുമാർ, അശ്വതിയിൽ പുഴങ്കര വീട് | 21/221 | പാർപ്പിടം | $266.22m^2$ | 266.32x8 |

മേൽ വിവരത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/12.02.2024 ന് ലഭ്യമാക്കിയ മറുപടിയിൽ തറനിർമ്മിതി പരിശോധിച്ച് വസ്തുനികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തി വിവരം അറിയിക്കേണ്ടതാണ്.

**1-28 നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്**

വാർഷിക കണക്ക് പ്രകാരം വസ്തു നികുതി, തൊഴിൽ നികുതി (ട്രേഡേഴ്സ്) എന്നീയിനങ്ങളിൽ ലഭിക്കാനുള്ള തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വസ്തു നികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 2,90,68,509 | 1,98,57,425 | 97,75,607 |
| കുടിശ്ശിക | 1,92,87,002 | 85,76,901 | 1,02,89,118 |

| തൊഴിൽ നികുതി | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| തൻവർഷം | 24,27,580 | 16,18,478 | 8,09,102 |
| കുടിശ്ശിക | 16,42,981 | 4,23,703 | 12,19,278 |

നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 47/15.02.2024)

**1-29 ഇ – ടെണ്ടർ ഫീ മുനിസിപ്പൽ ഫണ്ടിൽ അടവാക്കിയിട്ടില്ല.**

വടക്കാഞ്ചേരി നഗരസഭയിൽ 2022-23 വർഷം ഇ-ടെണ്ടർ മുഖേന നടത്തിയ മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ ഫീ നഗരസഭയിൽ അടവാക്കിയിട്ടില്ല. നഗരസഭക്ക് അവകാശപ്പെട്ട മേൽ തുക നഗരസഭയിൽ അടവാക്കാതെ മുനിസിപ്പൽ എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചു വരുന്നു. ഓഡിറ്റ് എൻക്വയറി നം.17/12.2.24 പ്രകാരം വിവരങ്ങൾ ആരാഞ്ഞതിന് ലഭ്യമാക്കിയ മറുപടിയിൽ SBI അക്കൗണ്ടിലാണ് അടവാക്കിയിരുന്നതെന്നും ഓഡിറ്റ് കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് ബാങ്കിലേക്ക് കത്തയച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് 2022-23 വർഷത്തെ ഇ-ടെണ്ടർ ഫീ തുകയ്ക്കുള്ള ചെക്ക് തയ്യാറാക്കി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലേതുൾപ്പെടെയുള്ള ഇ -ടെണ്ടർ ഫീ വിവരങ്ങളും, മുൻ വർഷങ്ങളിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത തുക തിരികെ ലഭിക്കാനുള്ളത് സംബന്ധിച്ചും മറുപടി ലഭ്യമാക്കിയില്ല. ഇ – ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക (മുൻ വർഷത്തേതുൾപ്പെടെ) നഗര സഭയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-30 പി.എം.എ.വൈ പദ്ധതി - വീട് പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്**

പി.എം.എ.വൈ (നഗരം) പദ്ധതിയുടെ ഭവന നിർമ്മാണം പദ്ധതിയുടെ ഗുണഭോക്തൃ രജിസ്റ്റർ പരിശോധിച്ചതിൽ 1 മുതൽ 7 വരെയുള്ള DPR പ്രകാരമുള്ള പുരോഗതി വിവരം താഴെ പറയും പ്രകാരം പ്രകാരമാണ്.

| DPR/ വർഷം | അംഗീകാരം ലഭിച്ചത് | കരാറിൽ ഏർപ്പെട്ടത് | ആദ്യ ഗഡു കൈ പറ്റിയവർ | രണ്ടാം ഗഡു കൈ പറ്റിയവർ | മൂന്നാം ഗഡു കൈ പറ്റിയവർ | നാലാം ഗഡു കൈ പറ്റിയവർ | പൂർത്തിയാക്കിയവർ | പൂർത്തിയാക്കാത്തവർ |
|---|---|---|---|---|---|---|---|---|
| 1 2016-17 | 553 | 551 | 551 | 547 | 523 | 490 | 490 | 61 |
| 2 2017-18 | 362 | 362 | 362 | 357 | 354 | 302 | 302 | 60 |
| 3 2018-19 | 191 | 190 | 190 | 189 | 184 | 155 | 155 | 35 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 2019-20 | 250 | 249 | 249 | 242 | 232 | 173 | 173 | 76 |
| 5 2020-21 | 51 | 50 | 50 | 43 | 36 | 2 | 2 | 48 |
| 6 2021-22 | 140 | 87 | 87 | 81 | 53 | 1 | 1 | 86 |
| 7 2022-23 | 5 | 4 | 4 | 3 | 0 | 0 | 0 | 4 |
| Total | 1552 | 1493 | 1493 | 1462 | 1382 | 1123 | 1123 | 370 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മുകളിൽ സൂചിപ്പിച്ച പണി പൂർത്തീകരിക്കാത്തവരിൽ ആദ്യ ഗഡു കൈപ്പറ്റിയിട്ടും നാളിതുവരെയായി യാതൊരു നിർമ്മാണ പുരോഗതിയും ഇല്ലാത്ത 19 ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരു വിവരം | ഡി.പി.ആർ നം | ഡിവിഷൻ നം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനത്ത ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|
| 1 | ദീപ രതീഷ് ഹൗസ്, കിഴൂർ | 3 | 8 | 30,000 | 24.05.2018 |
| 2 | സൽമ അരങ്ങത്ത്, പറമ്പിൽ | 3 | 13 | 30,000 | 04.09.2018 |
| 3 | ലീല വെട്ടത്ത് | 4 | 17 | 30,000 | 20.11.2019 |
| 4 | കമലാക്ഷി വി.യു കുംഭാര കോളനി | 3 | 38 | 30,000 | 23.08.2018 |
| 5 | നല്ല വീരൻ കുംഭാര കോളനി | 1 | 38 | 30,000 | 23.08.2018 |
| 6 | രാജൻ വി.സി കുംഭാര കോളനി | 4 | 38 | 30,000 | 19.01.2019 |
| 7 | ദേവകി പാലക്കൽ | 2 | 14 | 30,000 | 12.12.2017 |
| 8 | സുശീല അമ്പഴപുള്ളി | 3 | 14 | 30,000 | 24.05.2018 |
| 9 | ബിന്ദു രാമൻ | 3 | 14 | 30,000 | 17.12.2018 |
| 10 | സൗദാമിനി | 3 | 3 | 30,000 | 14.08.2018 |
| 11 | ലത കെ.കെ കൊച്ചം പറമ്പിൽ | 2 | 16 | 30,000 | 01.11.2018 |
| 12 | ഗീത കളങ്ങാട്ട് പറമ്പിൽ | 2 | 36 | 30,000 | 01.01.2018 |
| 13 | പൊന്നുദാസൻ കുംഭാര കോളനി | 2 | 38 | 30,000 | 23.08.2018 |
| 14 | മണികുട്ടൻ കുംഭാര കോളനി | 2 | 38 | 30,000 | 23.08.2018 |
| 15 | കമലാക്ഷി കുംഭാര കോളനി | 2 | 38 | 30,000 | 23.08.2018 |
| 16 | അമ്മിണി കുംഭാര കോളനി | 2 | 38 | 30,000 | 05.10.2018 |
| 17 | ഷാജി അനിൽകുമാർ | 6 | 16 | 30,000 | 30.03.2021 |

| | | | | | |
|---|---|---|---|---|---|
| | കരുപറമ്പിൽ | | | | |
| 18 | ലൈല വെളുത്താട്ടിൽ | 4 | 20 | 40,000 | 14.10.2019 |
| 19 | പ്രേമകുമാരി കുളിയാം പാട്ടിൽ | 4 | 29 | 40,000 | 19.10.2019 |

ഓഡിറ്റ് അന്വേഷണം നം. 06/09.02.2024 ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 1 മുതൽ 6 വരെയുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം ഇപ്പോൾ നടക്കുന്നുണ്ടെന്നും നല്ലവീരൻ, കുംഭാര കേളനി എന്ന ഗുണഭോക്താവ് മരണപ്പെട്ടിട്ടുള്ളതും, ലീഗൽ ഹെയർഷിപ്പിന് അപേക്ഷ നൽകിയിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ഇവയുടെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിച്ച് വരുന്ന സന്നദ്ധ സംഘടനകളുടേയോ, വ്യക്തികളുടേയോ സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൂടി ആരായാവുന്നതാണ്. ടി കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ഉചിതമായ തീരുമാനം ഉണ്ടാകേണ്ടതുമാണ്. സാമ്പത്തിക പ്രയാസമുള്ളവർക്ക് അനുഭാവപൂർവ്വമായ നടപടികളിലൂടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കേണ്ടതും, ഇല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടികൾ അനിവാര്യമാണെങ്കിൽ ടി നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം- രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 11,70,000 രൂപ തടസ്സപ്പെടുത്തുന്നു

2022-23 വർഷത്തിൽ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകിയതിന്റെ (B Fund) സംബന്ധിച്ച് BIMS സോഫ്റ്റ്‌വെയർ പ്രകാരമുള്ള ചെലവിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ റഫറൻസ് നം/തീയതി | തുക |
|---|---|---|
| 1 | 22130547001801460761/ 30.03.2023 | 30000 |
| 2 | 22130547001801452188/ 30.03.2023 | 150000 |
| 3 | 22130547001801467263/ 30.03.2023 | 720000 |
| 4 | 22130547001801528758/ 30.03.2023 | 270000 |
| ആകെ | | 11,70,000 രൂപ |

ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.(അപാകത ഖ.1-1-21 ൽ ചേർത്തിട്ടുണ്ട്)
പ്രസ്തുത ചെലവ് സംബന്ധിച്ച ഫയൽ, അപേക്ഷകൾ, രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നീ രേഖകൾ ഓഡിറ്റ് റിക്വിസിഷൻ തീയതി 14.02.2024, ഓഡിറ്റ് എൻക്വയറി നം. 51/15.02.2024 എന്നിവ പ്രകാരം ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവു തുക 11,70,000 രൂപ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതുപണത്തിന്റെ ദുരുപയോഗമായി കണക്കാക്കി ഈടാക്കാൻ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം നൽകിയ അധികാരം ഉപയോഗിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 1-32 Canara Bank-Jalanidhi(0751101014193) അക്കൗണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്യപ്പെട്ട തുക തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

420800100- Fixed Deposits ലെഡ്ജർ പ്രകാരം Canara Bank-Jalanidhi(0751101014193) അക്കൗണ്ടിൽ നിന്നും UNCLAIMED DEPOSIT Transferred By Bank (വൗച്ചർ നം. 22202155/20-Nov-2022) എന്ന ഇനത്തിൽ ഉൾപ്പെടുത്തി 461,951.00 രൂപ ഡെബിറ്റ് ചെയ്തിട്ടുണ്ട്. ടി തുക ഫിക്സഡ് ഡെപ്പോസിറ്റാക്കി മാറ്റിയതിന്റെ രേഖകൾ, എൻട്രിയുടെ

ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, വൗച്ചറുകൾ, സെക്രട്ടറിയുടെ നടപടിക്രമങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. Canara Bank-Jalanidhi( 14193) അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യപ്പെടാനുണ്ടായ സാഹചര്യവും ടി തുക തിരികെ ലഭിച്ചതിന്റെ/ ലഭിക്കാൻ നടപടി സ്വീകരിച്ചതിന്റെ വിവരങ്ങളും അറിയിക്കാൻ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നം. 10/09.02.2024) നല്കിയതിന്, ജലനിധി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 461,951.00 രൂപ Unclaimed Deposit ആയി ഡെബിറ്റ് ചെയ്തതായി ശ്രദ്ധയിൽ പെട്ടതായും ബാങ്കുമായി ടെലഫോണിൽ ബന്ധപ്പെട്ടപ്പോൾ കുറച്ചുകാലമായി ഇടപാടുകൾ ഇല്ലാതിരുന്നതിനാൽ തുക Unclaimed Deposit ആയി മാറിയതാണെന്നും തുക തിരികെ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക തിരികെ ലഭ്യമാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

**1-33 പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് എൻക്വയറി (നം.27/13.2.23). നൽകിയിരുന്നു. ആയതിൽ ആവശ്യപ്പെട്ട താഴെ പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കില്ല. ഹാജരാക്കാത്ത ഫയലുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ. | വൗച്ചർ നമ്പർ, തീയതി. | തുക |
|---|---|---|---|
| 1 | വടക്കാഞ്ചേരി ജനകീയ ഹോട്ടൽ, S0176/23. | 22200989/11.5.22 | 470719/- |
| 2 | പത്താംകല്ല് കനാൽപാലം, S0327/23. | 22201560/12.10.22 | 299111/- |
| 3 | സ്കൂൾ മെയിന്റൻസ്, S0196/23. | 22201590/18.11.22 | 788979/- |
| 4 | കിളിയത്ത് ചിറ പൂർത്തീകരണം, S0508/23. | 22201613/22.12.22 | 69565/- |
| 5 | അമ്പലപുരം അംബേദ്ക്കർ DWS, S0148/23. | 22201867/30.1.23 | 99874/- |
| 6 | അമ്പലപുരം അംബേദ്ക്കർ DWS, S0227/23. | 22201868/27.2.23 | 294899/- |
| 7 | MLAറോഡ് കൊല്ലൻ പടി റോഡ് റീ - ടാറിംഗ് S0409/23. | 22201757/27.3.23 | 299477/- |
| 8 | മാരാത്ത്കുന്ന് DWS, S0234/23. | 22201721/29.3.23 | 116348/- |
| 9 | ഹെൽത്ത് സെന്റർ, S0156/23. | 22201722/29.3.23 | 139663/- |
| 10 | Scഫ്ലാറ്റ് റൂഫ്, S0526/23. | 22201728/28.3.23 | 996004/- |
| 11 | വടക്കാഞ്ചേരി ബോയ്സ് സ്കൂൾ ഗ്രൗണ്ട് റോഡ് റീ - ടാറിംഗ്, S0330/23. | 22201725/28.3.23 | 256596/- |
| 12 | കുന്നത്ത് പറമ്പ് കോളനി റോഡ് കോൺക്രീറ്റിംഗ്, S0322/23. | 22201726/28.3.23 | 57113/- |
| 13 | മാരാത്ത്കുന്ന് റോഡ്, S0608/23. | 22201724/28.3.23 | 167469/- |
| | ആകെ | | 4055817/- |

പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 4055817/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റി 2 മാസത്തിനകം രേഖകൾ ഹാജരാക്കാത്ത പക്ഷം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12 നൽകിയ അധികാരം ഉപയോഗിച്ച് നിഗമനത്തിൽ എത്തിച്ചേരുന്നതും അതനുസരിച്ച് തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച ചെലവ് പൊതുപണത്തിന്റെ ദുരുപയോഗമായി കണക്കാക്കി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

## 1-34 പ്രവൃത്തി ആരംഭിച്ചിട്ടില്ല – മുൻകൂർ നല്കിയ തുക തിരികെ ഈടാക്കിയിട്ടില് - 32500/- തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര്, നം. - ഇരുന്നം കല്ല് കോളനി കുടിവെള്ള പദ്ധതി, S0408/23.

അടങ്കൽ – 500000/ –

ഫണ്ട് ഇനം – വികസന ഫണ്ട് (എസ്.സി.പി)

Vr.No.22201785, Dtd.19.3.23, തുക - 325000/-

ഇരുന്നം കല്ല് കോളനി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനത്തിനായി മേൽ വൗച്ചർ പ്രകാരമുള്ള തുക ഗ്രൗണ്ട് വാട്ടർ വകുപ്പിന് നല്കിയിട്ടുണ്ട്. സ്ഥാപനവുമായി അസി. എഞ്ചിനിയർ കരാറിൽ ഏർപ്പെട്ടിട്ടില്ല. പരിശോധനയിൽ കൈപ്പറ്റ് രശീത്, UTR എന്നിവ ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.18/12.2.24.നുള്ള മറുപടിയിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ ജില്ലാ ഓഫീസറുടെ ഡി.ജി.ടി.2/24. തിയതി 13.2.24 കത്ത് പ്രകാരം ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും തുക തിരികെ നല്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരേക്കും ചെലവ് തുകയായ 325000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ |
| പദ്ധതിയുടെ നമ്പരും/ പേരും | 452/23<br>കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ/ഫണ്ട് | 7,00,000/-<br>വികസന ഫണ്ട്(ജനറൽ) |
| ചെലവ് | 7,00,000/- |
| വൌച്ചർ നം./തീയതി | 22201871/15.03.23 |

മേൽ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് 12500/- രൂപ (സംസ്ഥാന വിഹിതം) നിരക്കിൽ 56 ഗുണഭോക്താക്കൾക്കായി 7,00,000/- രൂപ തൃശ്ശൂർ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 12/09.02.23)

## 1-36 ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്

14.03.2013ലെ ജി.ഒ (എം.എസ്) 91/2013/തസ്വഭവ (SRO നമ്പർ 199/2013), 2013ലെ കേരള മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(i) എന്നിവ പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിൽ (പി.എച്ച്.സി/സി.എച്ച്.സി, ഹോമിയോ, ആയുർവേദം) ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ച് ആയതിന്റെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. വടക്കാഞ്ചേരി നഗരസഭയ്ക്ക് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചതിന്റേയും, ഏതു വർഷം വരെയുള്ള കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചു എന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (നം.11/09.02.2024) മുണ്ടത്തിക്കോട് ഗവ. ആയുർവേദ ഡിസ്പെൻസറി, വടക്കാഞ്ചേരി ഗവ. ഹോമിയോ ഡിസ്പെൻസറി എന്നിവയുടെ 2022-23 വരെയുള്ള ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും മുണ്ടത്തിക്കോട് പി.എച്ച്.സിയിൽ തുച്ഛമായ ഒ.പി വരവ് മാത്രമായതിനാൽ വാർഷിക കണക്ക് ഇതു വരെ തയ്യാറാക്കിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ആശുപത്രി മാനേജിങ്ങ് കമ്മിറ്റി രൂപീകരിച്ചതു മുതലുള്ള വാർഷിക കണക്കുകൾ തയ്യാറാക്കി തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയത്തിലേക്ക് അയച്ച തരേണ്ടതാണ്.

**1-37 ടേക്ക്-എ-ബ്രേക്ക് പദ്ധതി പൂർത്തിയാക്കാനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്**

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനിയർ

സർക്കാരിന്റെ പന്ത്രണ്ടിന പരിപാടിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ടേക്ക് എ ബ്രേക്ക് പദ്ധതി പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ നാളിതു വരെയായിട്ടും പൂർത്തിയാക്കാതെ നീട്ടി വെക്കപ്പെടുന്നതായി പരിശോധനയിൽ കണ്ടു. സ.ഉ (സാധ) നമ്പർ 139/2020/ ത.സ്വ.ഭ.വ, തി 6.3.2020 പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികൾ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനു എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. സ.ഉ (സാധാ) നം. 1401/2020 ത.സ്വ.ഭ.വ തീ. 27.7.20 പ്രകാരം പൊതുശുചിമുറികളുടെ നവീകരണവും നിർമ്മാണവും സംബന്ധിച്ച മാർഗ്ഗ നിർദേശത്തിൽ 2020 ഡിസംബർ 31 നകം പ്രസ്തുത മരാമത്തു പ്രവൃത്തികൾ പൂർത്തിയാക്കണം എന്നുണ്ട്.

കരാറുകാരൻ ടി.എ. അബൂബക്കർ

കരാർ - 146/ AE/LSGD Wky തി. 5.11.2020

സൈറ്റ് ഏറ്റെടുത്തത് - 5.11.20

5.11.22 ന് പൂർത്തിയാക്കേണ്ട പ്രവൃത്തി ഓഡിറ്റ് തിയ്യതിയിലും പൂർത്തിയായിട്ടില്ല.

അവസാനം ചെക്ക് മെഷർ ചെയ്ത തി. 24.2.21 (എം.ബി. 71/21 - 22 പേജ്നം 24 പ്രകാരം )

സി.സി. IInd ബിൽ തുക 21,34,664 രൂപ ചെലവഴിച്ചെങ്കിലും നാളിതു വരെയായിട്ടും പൊതുജനത്തിന് തുറന്നു കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ

1) ബഹു. മുഖ്യമന്ത്രിയുടെ 12- ഇന പരിപാടികളിലൊന്നായ ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച ഡിവിഷൻ 27 ലെ സ്ഥലം സർവ്വെ നമ്പർ 26/13 ൽ ഉൾപ്പെട്ട പുറമ്പോക്ക് ഭൂമിയിൽ അനധികൃത കയ്യേറ്റം ഉണ്ടെന്ന് കാണിച്ച്, അത് ഒഴിവാക്കാൻ വടക്കാഞ്ചേരി ഇൻസ്പെക്ടർ ഓഫ് പോലീസിന് 5.3.21 ലെ E1-2239/21 പ്രകാരം നഗരസഭ സെക്രട്ടറി അറിയിക്കുകയും, കോടതിയുടെ പരിഗണനയിൽ ഉൾപ്പെടുന്ന വിഷയമാകായാൽ പോലീസ് നടപടി തുടരുകയുണ്ടായില്ല.

2) ഫയൽ പരിശോധനയിൽ പ്രസ്തുത പ്രദേശത്തെ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ടായിരുന്ന WP(C) നം. 611/2004 (W) കേസിന്റെ 18.7.2007 തീയതിയിലെ വിധിന്യായ പ്രകാരം, പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി ടി. പ്രദേശത്തിന്റെ അതിർത്തി മാർക് ചെയ്യുന്നതിന് 15.03.21 ൽ താലൂക്ക് തഹസിൽദാരെ അറിയിച്ച കത്ത് (448/19-20 കത്തു പ്രകാരം) നൽകിയെങ്കിലും മറ്റു നടപടികളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല.

സ്ഥലത്തെ സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് മുമ്പേ പദ്ധതി ആവിഷകരിച്ച് കരാറുകാരന് (സൈറ്റ് ഏറ്റെടുത്തത് - 5.11.20) സ്ഥലം കൈമാറിയത് അപാകതയാണ്. യഥാസമയം പണി പൂർത്തിയാക്കാത്തതിനാൽ കരാറുകാരന് നിയമപ്രകാരം സമയം നീട്ടി നൽകി പണി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതി പ്രദേശത്തെ തർക്കം പരിഹരിച്ച് പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 43/15.2.24).

## 1-38 ഇന്റർ ലോക്ക് ലയിങ്ങ് പ്രവൃത്തി നടത്തിപ്പിലെ രേഖകളുടെ അഭാവം

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനിയർ

ഇടുങ്ങിയതും ഡ്രൈയിനേജ് സൗകര്യം കുറഞ്ഞതും വെള്ളക്കെട്ട് ഉണ്ടാവാൻ സാധ്യതയുള്ളതുമായ റോഡുകളിൽ പൂർണ്ണമായോ മേൽ പ്രശ്നം ഉള്ള ഭാഗങ്ങളിലോ ആർ.സി : എസ്.പി. 63- 2018, ഐ.എസ് 15658:2006 മാനദണ്ഡങ്ങൾ പാലിച്ച് ഇന്റർലോക്ക് റോഡുകൾ നിർമ്മിക്കുന്നതിന് 4-7-22 ലെ ചീഫ് എഞ്ചിനിയറുടെ സർക്കുലർ നം.ഡി.ബി. 3/5215/2013 സി.ഇ. ത.സ്വ.ഭ.വ. പ്രകാരം അനുമതിയായിട്ടുള്ളതാണ്.

പ്രസ്തുത പണികളുടെ ഫയൽ പരിശോധനയിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തു കാണുന്നില്ല.

1. ഇന്റർ ലോക്ക് ലയിങ്ങ് പ്രവൃത്തിക്കുവേണ്ടി ഉപയോഗിക്കുന്ന ഇന്റർലോക്ക് പേവിങ് ടൈൽസ് കംപ്രഷൻ ടെസ്റ്റ് നടത്തിയത് സംബന്ധിച്ച റിപ്പോർട്ട്.

2. ഡിഫക്ട് ലയബിലിറ്റി കാലം 5 വർഷത്തിൽ കുറയാത്ത രീതിയിൽ ടെണ്ടർ നിബന്ധനകളിൽ ചേർത്തിട്ടില്ല.

3. വികേന്ദ്രീകൃതാസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 12-4 പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ പത്രം സുലേഖയിൽ തയ്യാറാക്കി, കൈവരിച്ച ഭൗതിക ലക്ഷ്യങ്ങളും നേട്ടങ്ങളും ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കണം. എന്നാൽ പ്രസ്തുത പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തിയിൽ പെട്ടതാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) മാരാത്ത് കുന്ന് പള്ളി റോഡ് കട്ടവിരിക്കൽ
സി.എ.ഫ്.സി. 150,000 /-
ഡിവിഷൻ- 20
പ്രോജക്ട് നം.388/ 23.
കരാറുകാരൻ.കെ.കെ. സന്തോഷ് കുമാർ
കരാർ: 92/22 - 23AE / LIS / E W / Wky തി 13.1.23
ചെലവു തുക. 143588/

2) ചെത്തേതിൽ ഹൈദ്രമാൻ പടി റോഡ് കട്ട വിരിക്കൽ
ഡിവിഷൻ-13.
പ്രോജക്ട് നം. 391/ 23.
സി.എഫ് സി. 3 ലക്ഷം.
കരാറുകാരൻ -ടി.എ.യൂസഫ് .
കരാർ- 135/22 - 23/AE /LID / Ew/wky തി 20-1-23.
ബിൽ തുക. 285558/

3) ഉദയനഗർ ലത ടീച്ചർ റോഡ് കട്ട വിരിക്കൽ
ഡിവിഷൻ- 13.
സി.എഫ്.സി. 2ലക്ഷം.
പ്രോജക്ട് നം. 394 / 23.
കരാറുകാരൻ-ടി.എ. യുസഫ്
കരാർ-136/22-23 / AE/LID /EW / Wky 20-1-23.
ബിൽ തുക-191691/-

4) തെക്കുമുറി കനാൽ പുറം റോഡ് ബാലൻസ് പോർഷൻ ടൈൽ പേവിങ്ങ്
ഡിവിഷൻ - 5
Scp. 3 ലക്ഷം
പ്രോജക്ട് നം,364/23
കരാറുകാരൻ-ഇ.വി. വീനീഷ്

കരാർ-109/22-23 / AE/LID / Ew/wky 16-1-23

ബിൽ തുക -289071/-.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 41/14.02.24

**1-39 മുനിസിപ്പൽ ഓഫീസ് - ഇന്റീരിയർ പ്രവർത്തി ആർട്ട് കോയെ ഏല്പ്പിച്ചു : നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനിയർ

അക്രഡിറ്റഡ് ഏജൻസി - ആർട്ട്കോ

509/20-21.

അടങ്കൽ - 50 ലക്ഷം.

ചെലവ് – 4938773. (വൗച്ചർ നം 22201596, തി 25-11- 22)

നിർമ്മാണം – ആർട്ട്കോ .

കരാർ – 45/ A/22-23 AE/LID /EW / Wky തി. 14.11.22

ആർട്ട്കോയുടെ 26/ 14- 6-22 എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി, കരാർ ഒപ്പിട്ടു നിർമ്മാണം ആരംഭിച്ചു. കരാർ വെച്ച് 10 ദിവസത്തിനകം സമർപ്പിച്ച 24-11- 22 ലെ ക്രെഡിറ്റ് ബിൽ പ്രകാരം തുക കൈമാറി.

പദ്ധതി നടത്തിപ്പിലെ അപാകതകൾ:

അക്രഡിറ്റഡ് ഏജൻസികളെ നിർമ്മാണ പ്രവർത്തനങ്ങൾ ഏൽപ്പിക്കുമ്പോൾ സർക്കാർ ഉത്തരവ് GO(P) നം. 67/2021 ഫിൻ തീ.28.04.2021 പ്രകാരമാണ് നിർമ്മാണം ഏൽപ്പിക്കുന്നത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. ഫയൽ പരിശോധനയിൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതായി കാണുന്നില്ല.

താഴെപ്പറയുന്നവയിൽ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) അക്രഡിറ്റഡ് ഏജൻസികളെ നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിലവിലെ സംവിധാനം വഴി ചെയ്യാൻ കഴിയുന്ന പ്രവർത്തനമല്ല എന്ന ഉറപ്പു വരുത്തേണ്ടതാണ്.

2) ചെയ്ത പ്രവൃത്തികളുടെ സൂപ്പർ വിഷൻ, അളവ് രേഖപെടുത്തൽ, പരിശോധന എന്നിവ പഞ്ചായത്തിലെ എഞ്ചിനിയറിങ്ങ് വിഭാഗം പരിശോധിച്ചു എന്ന ഉറപ്പാക്കേണ്ടതാണ്.

3) ഡീറ്റയിൽഡ് എസ്റ്റിമേറ്റ്/പ്രോഫോർമ ഇൻവോയ്സ് പ്രകാരം ആർട്ട്കോ നടത്തിയ പ്രവൃത്തി തദ്ദേശസ്വയംഭരണ എഞ്ചിനീയറിങ്ങ് വിഭാഗം, സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസരിച്ച്, പരിശോധന വിധേയമാക്കി/ചെക്ക് മെഷർ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4) 1-8-18ലെ സ.ഉ. (സാധാ ) നം.2092/18 തസ്വഭവ. പ്രകാരം ആർട്ട് കോയിലെ ഉൽപ്പന്നങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വാങ്ങുന്നതിനും, ആയതുപയോഗിച്ച് ഫർണിഷിങ്ങ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുമാണ് അനുമതി. 8.12.2016 ലെ സ.ഉ.(എം.എസ്) നം 1/16 SPD പ്രകാരം അക്രഡിറ്റഡ് സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്കു പുറമെ മറ്റു കമ്പനി ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്ന / വാങ്ങലുകൾ ടെണ്ടർ നടപടികളിലൂടെയായിരിക്കണം എന്ന് നിർദ്ദേശമുണ്ട്.

5) ഹാജരാക്കിയെ ക്രഡിറ്റ് ബിൽ ക്രമ നം. {1-acf Col Air Conditioner ,2-acn111 Air Conditioner One Tone Panasonic,3-acn113 Air Conditioner 1.5 Tone5 Nos, 5-ect Electrical Fittings} എന്നിവ എയർ കണ്ടിഷനറുകളും ഇലക്ട്രിക്കൽ സാമഗ്രികളുമാണ്.

മേൽ ഇനങ്ങൾ ആർട്ട് കോയുടെ തനതായ ശൈലിയിൽ ഉള്ള പ്രവൃത്തികളാണോ എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 44/15.02.24

## 1-40 കോസ്റ്റ് ഫോർഡിന് നൽകിയ മുൻകൂർ- നിർമ്മാണം ആരംഭിച്ചില്ല 4,40,000/- രൂപ തിരികെ ലഭ്യമായില്ല

അകമല മാരാത്ത് കുന്ന് കമ്മ്യൂണിറ്റി ഹാൾ സബ് സെന്റർ നിർമ്മാണം തുക കൈപ്പറ്റി കോസ്റ്റ് ഫോർഡ് നിർമ്മാണം ആരംഭിച്ചില്ല.
പ്രേജക്ട് നം. – 597/19-20

10-10-19 ലെ 305/wky/19 നമ്പർ പ്രകാരം കോസ്റ്റ് ഫോർഡ് സമർപ്പിച്ച 22,00,000/- ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 8(2) തി. 28-7-18 കൗൺസിൽ തീരുമാനം അംഗികരിച്ച് 20-1-20 ലെ 55/AE/LSGD/wky കരാർ പ്രകാരം നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിച്ചു.
ആദ്യഘട്ട തുക ( 20% Of Total Cost) 4,40,000/- കോസ്റ്റ് ഫോർഡിന്റെ 462136854 അക്കൗണ്ടിലേക്ക് 5.3.2020 ന് കൈമാറി.
ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ
1) ഏങ്കക്കാട് വില്ലേജിൽ 157, 158/8 സർവ്വെ നമ്പറുകളിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന 36.5 സെന്റ് പുറമ്പോക്ക് സ്ഥലത്താണ് നിർമ്മാണം ആരംഭിക്കുന്നതിന് കരാർ വെച്ചത്.
2) സ്ഥലം കോസ്റ്റ് ഫോർഡ് ഏറ്റെടുത്ത വിവരം ഇല്ല.
3) ടി. സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സമ്മതപത്രം ആവശ്യപ്പെട്ടു ബഹു ജില്ലാ കളക്ടർക്ക് 31.1.2019 ലെ Pw- 12952/18 പ്രകാരം സെക്രട്ടറി കത്തയച്ചു എങ്കിലും മറുപടി ലഭിച്ചതായി ഫയലിൽ ഇല്ല. സ്ഥലത്തെ സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിന് മുമ്പേ പദ്ധതി ആവിഷകരിച്ച് നിർമ്മാണം കോസ്റ്റ് ഫോർഡിനെ ഏൽപ്പിച്ചത് അപാകതയാണ്.

വിവിധ കാരണങ്ങളാൽ നിർമ്മാണം ആരംഭിക്കുന്നതിന് കോസ്റ്റ് ഫോർഡ് തയ്യാറാകാത്ത സാഹചര്യത്തിൽ മുൻകൂർ കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 42/15.2.24

## 1-41 സാനിട്ടേഷൻ വർക്കർമാരുടെ വേതനക്കുടിശ്ശിക – അധികം തുകയനുവദിച്ചു

| | | |
|---|---|---|
| വൗച്ചർ നമ്പർ/തീയതി | 2220039/23.06.2022 | 22200518/26.07.2022 |
| ബിൽ തുക | 6,51,648/- രൂ | 4,87,464/- രൂ |
| ചെക്ക് നമ്പർ/തീയതി | 5687363/23.06.2022 | 00488/26.07.2022 |

മേൽ സൂചനകൾ പ്രകാരം നഗരസഭയിലെ 21 സാനിട്ടേഷൻ വർക്കർമാർക്ക് 8.02.2021 തീയതിയിലെ സ.ഉ (പി) നമ്പർ.25/2021/ ധന ഉത്തരവു പ്രകാരമുള്ള 1/2019 മുതൽ 2/2021 വരെയുള്ള ക്ഷാമബത്തക്കുടിശ്ശിയും 12.08.2021- ലെ സ.ഉ (എം എസ്) 89/2021/ധന ഉത്തരവു പ്രകാരം 12/19-മുതൽ 08/21വരെയുള്ള വേതനക്കുടിശ്ശികയുടെ ആദ്യഗഡുവും യഥാക്രമം അനുവദിച്ചിട്ടുണ്ട്. 23.06.2022- ൽ ക്ഷാമബത്തക്കുടിശ്ശിക അനുവദിച്ച ഡ്യൂ-ഡ്രോൺ പത്രികയിൽ 2021 ഫെബ്രുവരി മാസത്തിലെ കുടിശ്ശിക താഴെ കാണും പ്രകാരമാണ് കണക്കാക്കിയിട്ടുള്ളത്.

| അർഹമായത് (Due) | | | അനുവദിച്ചത് (Drawn) | | | ബാലൻസ് |
|---|---|---|---|---|---|---|
| ശമ്പളം | ഡി എ (@36%) | ആകെ | ശമ്പളം | ഡി എ | ആകെ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | (20%) | | |
| 17500* | 6300 | 23800 | 17000 | 3400 | 20400 | 3400 |

( *) അർഹമായ വാർഷിക ഇൻക്രിമെന്റുൾപ്പെടെ

എന്നാൽ പിന്നീട് 26.07.2022 – ൽ വേതനക്കുടിശ്ശിക കണക്കാക്കിയപ്പോൾ 2021 ഫെബ്രുവരി മാസത്തിൽ അനുവദിച്ച ശമ്പളം 17500 എന്നതിന് പകരം 17000 എന്ന് തന്നെ കണക്കാക്കി താഴെ കാണും പ്രകാരമാണ് കുടിശ്ശിക കണക്കാക്കിയിട്ടുള്ളത്.

| അർഹമായത് (Due) | | | അനുവദിച്ചത് (Drawn) | | | ബാലൻസ് |
|---|---|---|---|---|---|---|
| ശമ്പളം | ഡി എ (7%) | ആകെ | ശമ്പളം | ഡി എ (36%) | ആകെ | |
| 24400 | 1708 | 26108 | 17000 | 6120 | 23120 | 2988 |

യഥാർത്ഥത്തിൽ 2021 ഫെബ്രുവരി മാസത്തിലെ അർഹമായ വേതനക്കുടിശ്ശിക താഴെ കാണും പ്രകാരമാണ്.

| അർഹമായത് (Due) | | | അനുവദിച്ചത് (Drawn) | | | ബാലൻസ് |
|---|---|---|---|---|---|---|
| ശമ്പളം | ഡി എ (7%) | ആകെ | ശമ്പളം | ഡി എ (36%) | ആകെ | |
| 24400 | 1708 | 26108 | 17500 | 6300 | 23800 | 2308 |

ആയതിനാൽ ഓരോ സാനിട്ടേഷൻ ജീവനക്കാരനും 680 രൂപാ വീതം (2988-2308) വേതനക്കുടിശ്ശികയിനത്തിൽ കൂടുതൽ നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തൊഴിലാളിയുടെ പേര് | അനുവദിച്ച വേതന കുടിശിക | അർഹമായ വേതന കുടിശിക | കൂടുതൽ നൽകിയത് |
|---|---|---|---|---|
| 1 | ശാന്ത എം എ | 46682 | 46002 | 680 |
| 2 | സാവിത്രി.എം.പി | 46682 | 46002 | 680 |
| 3 | ജൂബിനാഥൻ.കെ.കെ | 46530 | 45850 | 680 |
| 4 | സുബാഷ് പി എ | 46758 | 46078 | 680 |
| 5 | ഷബീർ കെ എ | 46682 | 46002 | 680 |
| 6 | ഗീത പി | 46682 | 46002 | 680 |
| 7 | വീരാൻകുട്ടി പി എ | 46530 | 45850 | 680 |
| 8 | ഗോപി കെ | 46225 | 45545 | 680 |
| 9 | സനീഷ് ടി എസ് | 46530 | 45850 | 680 |
| 10 | പ്രകാശൻ കെ കെ | 46378 | 45698 | 680 |
| 11 | വിനോദ് കെ വി | 46530 | 45850 | 680 |
| 12 | ബിബീഷ് ഇ എസ് | 46682 | 46002 | 680 |
| 13 | രാജേഷ് എൻ കെ | 46225 | 45545 | 680 |
| 14 | മോഹനൻ പി എ | 46225 | 45545 | 680 |
| 15 | ഗിരിജൻ കെ കെ | 46073 | 45393 | 680 |
| 16 | മുഹമ്മദ് പി എസ് | 44936 | 44256 | 680 |
| 17 | ഹരിദാസ് സി യു | 46150 | 45470 | 680 |
| 18 | സന്തോഷ് എം ബി | 46378 | 45698 | 680 |
| 19 | സന്തോഷ്കുമാർ.പി.ആർ | 46758 | 46078 | 680 |
| 20 | ഫ്രാൻസിസ് ടി പി | 46758 | 46078 | 680 |
| 21 | വിജയൻ കെ കെ | 46530 | 45850 | 680 |
| ആകെ | | | | 14280 |

കൂടുതൽ നൽകിയ 14,280 രൂപ തിരികെയീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15/12.02.2024)

**1-42 നഗരസഭാ സെക്രട്ടറിയ്ക്ക് അനുവദനീയമല്ലാത്ത പെർമനന്റ് കൺവെയൻസ് അലവൻസ്, ടെലഫോൺ അലവൻസ് എന്നിവ അനുവദിച്ചു.**

വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയ്ക്ക് പെർമനന്റ് കൺവെയൻസ് അലവൻസ്, ടെലഫോൺ അലവൻസ് എന്നീയിനങ്ങളിൽ യഥാക്രമം 720 രൂപാ, 500 രൂപാ എന്നിങ്ങനെ പ്രതിമാസം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാസം | വൗച്ചർ നം/തീയതി | പി സി എ | ടെലഫോൺ അലവൻസ് | ആകെ |
|---|---|---|---|---|---|
| 1 | 04/22 | 22200038/05.04.22 | 1440 | 1000 | 2440 |
| 2 | 05/22 | 22200945/17.05.22 | 720 | 500 | 1220 |
| 3 | 06/22 | 22200312/07.06.22 | 720 | 500 | 1220 |
| 4 | 07/22 | 22200487/15.07.22 | 720 | 500 | 1220 |
| 5 | 08/22 | 22200670/25.08.22 | 720 | 500 | 1220 |
| 6 | 09/22 | 22200804/14.09.22 | 720 | 500 | 1220 |
| 7 | 10/22 | 22200937/18.10.22 | 720 | 500 | 1220 |
| 8 | 11/22 | 22200118/21.11.22 | 720 | 500 | 1220 |
| 9 | 01/23 | 222001341/12.01.23 | 720 | 500 | 1220 |
| 10 | 02/23 | 22201517/08.05.23 | 720 | 500 | 1220 |
| 11 | 03/23 | 22201930/17.03.23 | 720 | 500 | 1220 |
| ആകെ | | | 8,640 | 6,000 | 14,640 |

10.02.2021 ലെ സ ഉ (പി) നം.27/2021/ധന ഉത്തരവു പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവിലെ അനക്സർ X/XI ൽ ജീവനക്കാർക്ക് അനുവദനീയമായ സ്പെഷൽ അലവൻസുകളെ സംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക 24 – ൽ ശമ്പളപരിഷ്കരണ ഉത്തരവിലെ അനക്സർ X/XI എന്നിവയിൽ പ്രതിപാദിക്കാത്ത അലവൻസുകളെല്ലാം തന്നെ പിൻവലിച്ചതായി കണക്കാക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശമ്പളപരിഷ്കരണ ഉത്തരവിലെ അനക്സർ X, ക്രമ നം.56 F. (B ) -ൽ മുനിസിപ്പൽ സെക്രട്ടറിമാർക്ക് അനുവദനീയമായ അലവൻസുകളിൽ ടെലഫോൺ അലവൻസ് ഉൾപ്പെടുന്നില്ല, കൂടാതെ ഔദ്യോഗിക വാഹനമുപയോഗിക്കുന്ന സെക്രട്ടറിമാർക്ക് പെർമനന്റ് കൺവെയൻസ് അലവൻസിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വടക്കാഞ്ചരി നഗരസഭാ സെക്രട്ടറിയുടെ ഉപയോഗത്തിനായി 22.09.2021 മുതൽ അനർട്ടിൽ നിന്നും ലീസ് അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കിയിട്ടുണ്ട്. ( ഫയൽ നം. ആർ3/7930/21 ). മേൽ സൂചിപ്പിച്ച കാരണങ്ങളാൽ സെക്രട്ടറിയ്ക്ക് പെർമനന്റ് കൺവെയൻസ് അലവൻസ്, ടെലഫോൺ അലവൻസ്

എന്നിവയ്ക്ക് അർഹതയില്ല എന്ന് കാണുന്നു. ആയതിനാൽ സെക്രട്ടറിയ്ക്ക് ഈയിനത്തിൽ അനുവദിച്ച 14640 രൂപ തിരികെ ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 30/13.02.2024)

**1-43 നഗരസഭാ സെക്രട്ടറിയുടെ ക്വാർട്ടേഴ്സിനായി കെട്ടിടം വാടകയ്ക്ക് ലഭ്യമാക്കി - സെക്രട്ടറിയ്ക്ക് അനുവദനീയമായ വീട്ടുവാടക ബത്തയും നിശ്ചിതനിരക്കിലുള്ള വാടകയും നഗരസഭയിൽ ഒടുക്കിയില്ല.**

(ഫയൽ നമ്പർ. ജി1- 8748/20)

16.01.2017- ലെ സ ഉ (എം എസ്) നം.15/2017/തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്വന്തമായി ക്വാർട്ടേഴ്സില്ലാത്തതിനാൽ വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയ്ക്ക് വാടകയ്ക്ക് ക്വാർട്ടേഴ്സ് ലഭ്യമാക്കിയിട്ടുണ്ട്. സെക്രട്ടറിയുടെ ക്വാർട്ടേഴ്സിനായി കണ്ടെത്തിയ കെട്ടിടത്തിന് പ്രതിമാസം 10,000 രൂപാ നിരക്കിൽ പ്രതിമാസവാടക ജെയ് മോൾ സൂസൻ മാത്യു എന്നിവർക്ക് അനുവദിയ്ക്കുന്നുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 25.03.2021-ലെ 18-ാം നമ്പർ തീരുമാനം പ്രകാരം ഇതിന് അംഗീകാരം നൽകിയിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഈ തീരുമാനത്തിനാധാരമായ അജണ്ടാ സ്ലിപ്പിൽ സെക്രട്ടറിയുടെ വീട്ടുവാടകബത്തയും അടിസ്ഥാന ശമ്പളത്തിന്റെ 2% നിരക്കിൽ വാടകയും സെക്രട്ടറി നഗരസഭാ ഫണ്ടിൽ അടവാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാർ ജീവനക്കാരുടെ പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് (സ ഉ (പി) നം.27/2021/ധന തീ. 10.02.2021) ഖണ്ഡിക 16 പ്രകാരം ക്വാർട്ടേഴ്സ് അനുവദിച്ച 50200-105300 ശമ്പളനിരക്കിനുമുകളിലുള്ള ജീവനക്കാരിൽ നിന്ന് അടിസ്ഥാനശമ്പളത്തിന്റെ 2% നിരക്കിൽ വാടകയീടാക്കണമെന്നും ക്വാർട്ടേഴ്സ് അലോട്ട്മെന്റ് ലഭിച്ച ജീവനക്കാർക്ക് വീട്ടുവാടകബത്തയ്ക്ക് അർഹതയില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 28.01.2021 മുതൽ നഗരസഭാ സെക്രട്ടറിയായി വടക്കാഞ്ചേരി നഗരസഭയിൽ ജോലി ചെയ്യുന്ന ശ്രീ മനോജ് കെ കെ നാളിതുവരെയായി തനിക്കർഹമായ വീട്ടുവാടകബത്തയും നിശ്ചിത നിരക്കിലുള്ള വാടകയും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടില്ല. ആയത് നഗരസഭാഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 2022-23 സാമ്പത്തികവർഷത്തിൽ സെക്രട്ടറിയുടെ ക്വാർട്ടേഴ്സിനുള്ള വാടകയിനത്തിൽ 1,20,000 രൂപ നഗരസഭാ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്.

**1-44 സേവനപുസ്തക പരിശോധന - പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അർഹമായ വാർഷിക ഇൻക്രിമെന്റുകൾപ്പെടെയുള്ള ശമ്പളം അനുവദിക്കുന്നില്ല.**

നഗരസഭയിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരായ സാവിത്രി എൻ. (പാർട്ട് ടൈം സ്വീപ്പർ), സെബാസ്റ്റ്യൻ പി വി. (പാർട്ട് ടൈം ബസ് സ്റ്റാന്റ് ഫീ കളക്ടർ) എന്നിവർക്ക് 10.02.2021തീയതിയിലെ സ. ഉ. (പി). നം. 27/2021/ ധന ഉത്തരവു പ്രകാരം 01/07/2019 മുതൽ പുതുക്കിയ ശമ്പളാനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. തുടർന്ന് അവർക്ക് അർഹമായ വാർഷിക ഇൻക്രിമെന്റുകൾ താഴെ കാണും പ്രകാരമാണ്.

| സാവിത്രി എൻ. | | | സെബാസ്റ്റ്യൻ പി വി. | | |
|---|---|---|---|---|---|
| തീയതി | അടിസ്ഥാനശമ്പളം | ശമ്പളനിരക്ക് | തീയതി | അടിസ്ഥാനശമ്പളം | ശമ്പളനിരക്ക് |
| 01.07.2019 | 17800 | 13000-21080 | 01.07.2019 | 14830 | 11500-18940 |
| 01.07.2020 | 18190 | 13000-21080 | 01.08.2019 | 15160 | 11500-18940 |
| 01.07.2021 | 18580 | 13000-21080 | 01.08.2020 | 15490 | 11500-18940 |
| 01.07.2022 | 18970 | 13000-21080 | 01.08.2021 | 15820 | 11500-18940 |
| 01.07.2023 | 19360 | 13000-21080 | 01.08.2022 | 16150 | 11500-18940 |
| | | | 01.08.2023 | 16480 | 11500-18940 |

സാവിത്രി എൻ.,സെബാസ്റ്റ്യൻ പി വി. എന്നിവർ മേൽ സൂചിപ്പിച്ച നിരക്കിൽ ശമ്പളാനുകൂല്യങ്ങൾക്ക് അർഹരാണെന്നിരിക്കലും അവർക്ക് ഇപ്പോഴും (01/2024) അനുവദിക്കുന്ന അടിസ്ഥാനശമ്പളം യഥാക്രമം 18190 രൂ, 15160രൂ എന്നിങ്ങനെയാണ്. തുച്ഛ വരുമാനക്കാരായ ഈ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് അവർക്ക് അർഹമായ വാർഷിക വർദ്ധനവുകളുൾപ്പെടെ ശമ്പളാനുകൂല്യങ്ങൾ അനുവദിക്കാതിരിക്കുന്നത് നഗരസഭാ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിന്റെ വീഴ്ചയാണ്. കൂടാതെ 07/2019 മുതൽ പുതുക്കിയ ശമ്പളാനുകൂല്യങ്ങൾ 03/2021 മുതൽ തന്നെ അനുവദിച്ചുനൽകാമെങ്കിലും ഈ ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള ശമ്പളാനുകൂല്യങ്ങൾ 2022 നവംബർ മാസം മുതൽ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. സാവിത്രി, സെബാസ്റ്റ്യൻ എന്നിവർ യഥാക്രമം 15 വർഷം, 8 വർഷം എന്നിങ്ങനെ സേവനക്കാലം ഇതിനകം പൂർത്തീകരിച്ചതിനാൽ അവർക്ക് അർഹമായ അഡീഷണൽ ഇൻക്രിമെന്റുകളും അനുവദിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് കണ്ടിജന്റ് ജീവനക്കാർക്ക് അർഹമായ ശമ്പളാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-45 സ്റ്റേഷനറി സാധനങ്ങളുടെ പർച്ചേയ്സ് - ഒരേ പർച്ചേസിന് രണ്ടു പ്രാവശ്യം തുക അനുവദിച്ചു.**

| | |
|---|---|
| വൗച്ചർ നമ്പർ/ തീയ്യതി | 22200129/27.04.2022 |
| ബിൽ തുക | 45170 രൂ |
| ചെക്ക് നമ്പർ/തീയതി | 000346/27.04.2022 |
| ബാങ്കിൽ നിന്ന് തുക പിൻവലിച്ചത് | 28.04.2022 |

തൃശ്ശൂരിലെ ത്രിവേണി കൺസ്യൂമർഫെഡ് സ്റ്റോറിൽ നിന്ന് വടക്കാഞ്ചേരി നഗരസഭയിലേയ്ക്ക് സ്റ്റേഷനറി സാധനങ്ങൾ സപ്ലൈ ചെയ്തതിന് മേൽ സൂചന പ്രകാരം തുകയനുവദിച്ചിട്ടുണ്ട്. ഈ സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച വിശദാംശങ്ങൾ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്റർ, പർച്ചേസ് സംബന്ധിച്ച ഫയൽ ( ജി 4/7705/17) എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. സപ്ലൈ ചെയ്ത സ്റ്റേഷനറി സാധനങ്ങളുടെ ഇൻവോയിസുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവോയിസ് നം | തീയതി | തുക |
|---|---|---|---|
| 1 | 9110/8/259 | 29.12.2021 | 18,020 രൂ |
| 2 | 9110/8/236 | 07.02.2021 | 27,150 രൂ |
| ആകെ | | | 45170 രൂ |

എന്നാൽ ഇതേ പർച്ചേസിന് തന്നെ വീണ്ടും ത്രിവേണി കൺസ്യൂമർഫെഡ് സ്റ്റോറിന് പണമനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വൗച്ചർ നമ്പർ/ തീയ്യതി | 22200616/17.08.2022 |
| ബിൽ തുക | 45,170 രൂ |
| ചെക്ക് നമ്പർ/തീയതി | 000527/17.08.2022 |
| ബാങ്കിൽ നിന്ന് തുക പിൻവലിച്ചത് | 19.08.2022 |

ഒരേ പർച്ചേസിന് തന്നെ രണ്ടു പ്രാവശ്യം തുക അനുവദിച്ചത് അനുവദിക്കാനാകില്ല. കൂടുതൽ അനുവദിച്ച 45,170 രൂ തിരികെയീടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 14/12.02.2024)

**1-46 മുൻകൂറുകൾ ക്രമീകരിച്ചില്ല.**

നഗരസഭാ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി തനതു ഫണ്ടിൽ നിന്ന് നൽകിയ മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/തീയതി | തുക | കൈപ്പറ്റിയ ആളുടെ പേര് | ആവശ്യം |
|---|---|---|---|---|
| 1 | 22200291/03.06.22 | 1,00,000 | കവിത ആർ, JHI | ആനപ്പറമ്പ് സ്കൂൾ വൃത്തിയാക്കുന്നതിന് |
| 2 | 22200355/17.06.22 | 40,000 | പി എൻ രാജീവൻ, JHI (ദിവസവേതനം) | യോഗ ദിനാഘോഷം |
| 3 | 22200479/14.07.22 | 35,000 | സാഹിറ കെ എം, JHI (ദിവസവേതനം) | മരം മുറിക്കുന്നതിന് |
| 4 | 22200486/15.07.22 | 15,000 | സാഹിറ കെ എം, JHI (ദിവസവേതനം) | മരം മുറിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| 5 | 22200685/11.08.22 | 5,000 | സാഹിറ കെ എം, JHI (ദിവസവേതനം) | മരം മുറിക്കുന്നതിന് |
| 6 | 22200944/19.10.22 | 20,000 | സിദ്ദിഖുൾ അക്ബർ ടി എ, JHI | സ്വച്ഛതാ സർവേശൻഅനമോദനചടങ്ങ് |
| 7 | 22200956/21.10.2022 | 30,000 | സിദ്ദിഖുൾ അക്ബർ ടി എ, JHI | സ്വച്ഛതാ മിഷൻ - ദോരംഗ് |
| 8 | 22200966/29.10.22 | 15,000 | പി എൻ രാജീവൻ, JHI (ദിവസവേതനം) | ജെന്റർ ഫ്രണ്ട്ളി മുൻസിപ്പാലിറ്റി |
| 9 | 22201080/10.11.22 | 1,00,000 | കവിത ആർ, JHI | ദാരിദ്ര്യ ലഘൂകരണ പദ്ധതി പ്രദർശനം |
| 10 | 22201085/29.10.22 | 2,00,000 | രാജീവൻ കെ, JHI | കേരളോത്സവം |
| 11 | 1479/02-23 /03.02.2023 | 20,000 | കവിത ആർ, JHI | ഇന്റർനാഷണൽ കോൺക്ലേവ് |
| 12 | 22201693/17.02.23 | 50,000 | രാജീവൻ കെ. JHI | ഉത്രാളിക്കാവ് പൂരം- സ്റ്റാൾ |
| 13 | 22201712/27.02.23 | 50,000 | കവിത ആർ, JHI | ഉത്രാളിക്കാവ് പൂരം- സ്റ്റാൾ |
| 14 | 1708/03-23 | 1,00,000 | കവിത ആർ, JHI | സമ്മോഹനം |
| 15 | 22201963/29.03.23 | 25,000 | സിദ്ദിഖുൾ അക്ബർ ടി എ, JHI | ഗ്രീൻ ഗാർഡൻ നെറ്റ് വാങ്ങുന്നതിന് |

നിശ്ചിത സമയപരിധിക്കകം മുൻകൂറുകൾ ക്രമീകരിച്ചതായി അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം.22/12.02.2024) മറുപടിയൊന്നും തന്നെ ലഭ്യമാക്കിയിരുന്നില്ല. മേൽപറഞ്ഞ അഡ്വാൻസുകളിൽ പലതും നഗരസഭയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്കാണ് അനുവദിച്ചിട്ടുള്ളത്. ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മുൻകൂർ അനുവദിക്കുന്നതിനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കിയിട്ടില്ല.

4.10.2011-ലെ സ.ഉ.(പി)419/11/ധന ഉത്തരവിൽ അഡ്വാൻസ് കൈപ്പറ്റി 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും അഡ്വാൻസ് തുക മുഴുവനായി ചെലവഴിക്കാതിരിക്കുകയും ഫൈനൽ ബിൽ യഥാസമയം സമർപ്പിക്കുകയും ചെയ്യുന്ന സംഗതികളിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകക്ക് തുക അഡ്ജസ്റ്റ് ചെയ്യുന്ന ദിവസം വരെ 18% നിരക്കിൽ പിഴപലിശ ഈടാക്കണമെന്നും 3 മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും 18% പിഴപലിശ സഹിതം തിരികെ ഈടാക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും തന്നെ നഗരസഭയിൽ പാലിക്കപ്പെട്ടിട്ടില്ല.

മുൻകൂറുകൾ നിശ്ചിതസമയപരിധിക്കുകം ക്രമീകരിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും അഡ്വാൻസ് ക്രമീകരണത്തിലെ അനാസ്ഥയ്ക്കും കാലതാമസത്തിനും ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും മേൽസൂചിത ഉത്തരവ് പ്രകാരമുള്ള പിഴപ്പലിശ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-47 രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

നഗരസഭയുടെ തനതുഫണ്ടിൽ നിന്നുള്ള താഴെ പറയുന്ന ചെലവുകൾക്ക് നിദാനമായ രേഖകൾ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം/ തീയതി | ഫയൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 22200527/ 27.09.2022 | PHI-6577/22 | 2,80,000 | ഹർ ഗർ തിരംഗ |
| 2 | 22201196/13.12.2022 | PCl/21395/22 | 50,000 | മുകുന്ദരാജ സാംസ്കാരികോത്സവം |
| 3 | 22201236/22.12.2022 | PCl/21395/22 | 2,50,000 | മുകുന്ദരാജ സാംസ്കാരികോത്സവം |
| 4 | 22201931/29.03.2023 | PCl/21395/22 | 1,58,122 | മുകുന്ദരാജ സാംസ്കാരികോത്സവം |
| ആകെ | | | 7,38,122 | |

ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 53/15.02.2024)

**1-48 ജനകീയ ഹോട്ടൽ പശ്ചാത്തല സൗകര്യം ഒരുക്കൽ -സ്റ്റോക്ക്, കൈപറ്റ് രശീത് എന്നിവ ഹാജരാക്കിയില്ല - 525204/- രൂപ തടസ്സപ്പെടുത്തുന്നു**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ.

ഫണ്ടിനം - വികസന ഫണ്ട്.

വടക്കാഞ്ചേരി ജനകീയ ഹോട്ടൽ പശ്ചാത്തല സൗകര്യം ഒരുക്കൽ - SO178/23, Vr.No.22201572, Dtd.19.10.22, തുക – 240040/ -

മിണാലൂർ ജനകീയ ഹോട്ടൽ പശ്ചാത്തല സൗകര്യം ഒരുക്കൽ – So179/23, Vr.No.22201575, Dtd.20.10.22, തുക - 285164/-

മേൽ വൗച്ചറുകൾ പ്രകാരമുള്ള തുകകൾ ബന്ധപ്പെട്ട ജനകീയ ഹോട്ടലുകളുടെ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആർട്ട്കോ എന്ന സർക്കാർ ഏജൻസിയിൽ നിന്നുമാണ് ഫർണിച്ചറുകളും അടുക്കളയിലേക്ക് ആവശ്യമായ പത്രങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുള്ളത്. എന്നാൽ ആയതിന്റെ വിതരണവുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, കൈപ്പറ്റ് രശീത്, യു.ടി.ആർ, മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. 1.8.18 ലെ സ.ഉ. (സാധാ) നം. 2092/18 തസ്വഭവ പ്രകാരം ആർട്ട്കോയിലെ ഉൽപ്പന്നങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് ഫർണിഷിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി അംഗീകരിച്ചിരുന്നു. മേൽപറഞ്ഞ സാധനങ്ങൾ വാങ്ങുന്നതിന് സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് 14.2.24 ന് ഓഡിറ്റ് എൻക്വയറി നം 34 ന് മറുപടി ലഭിച്ചില്ല. മറുപടിയുടെ അഭാവത്തിലും, മതിയായ രേഖകളുടെ അഭാവത്തിലും ചെലവ് തുക 525204/ - രൂപ (240040 +285164) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-49 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു വിവരങ്ങൾ.**

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 വർഷത്തിൽ 210 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. തൻവർഷം 425 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടായിരുന്നു. അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 215 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയില്ല. 49.41 % പ്രവൃത്തികൾ മാത്രമാണ് ചെയ്തിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തൻവർഷം ആകെ അടങ്കൽ 304141179/- രൂപയും, ആകെ ചെലവ് 150523983/- രൂപയുമാണ്. ആകെ ചെയ്ത പ്രവൃത്തികളുടെ ചെലവ് 49.49% ആണ്. മുഖ്യമായും റോഡ് നിർമ്മാണ പ്രവൃത്തികൾ, ടാറിംഗ്, റീ-ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, കുടിവെള്ള പദ്ധതികൾ എന്നിവയാണ് ചെയ്തിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണ, പൂർത്തീകരണ ഘട്ടങ്ങളിൽ മോണിട്ടറിംഗ് കമ്മിറ്റികളുടെ ഇടപ്പെടലുകൾ ഫലപ്രദമായി നടപ്പാകുന്നില്ല. പല പ്രോജക്ട് ഫയലിലും പൂർത്തീകരണ സാക്ഷ്യപത്രം, മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ സൂക്ഷിക്കുന്നില്ല. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിൽ ആവശ്യപ്പെടുന്ന കോളങ്ങളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ചെയ്യുന്നില്ല. കാഷ് ബുക്ക് TR-7A മാതൃകയിൽ എഴുതി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്റിൽ രേഖപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കാനായില്ല. മുകളിൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിക്കേണ്ടതും ആയതിന് മറുപടി നൽകേണ്ടതുമാണ്.

**1-50 ക്ലീൻകേരള കമ്പനി-ലെഗസി വെയ്സ്റ്റ് കൈമാറൽ-വിനിയോഗ വിവരം, മോണിറ്ററിംഗ് രേഖകൾ ലഭ്യമാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു.**

പ്രൊജക്റ്റ് നം.458/23

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
ക്ലീൻ കേരള കമ്പനി – ലെഗസി വെയ്സ്റ്റ് കൈമാറൽ

അടങ്കൽ - 1800000 രൂപ (ധനകാര്യകമ്മീഷൻ അവാർഡ്)

ചെലവ് - 1431040 രൂപ

വൗച്ചർ നം/തീയതി - 22202193/25.02.2023

2022-23 കാലയളവിൽ ക്ലീൻ കേരള കമ്പനിക്ക് ലെഗസി വെയ്സ്റ്റ് കൈമാറൽ എന്ന പദ്ധതി പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ വിവരം, മോണിറ്ററിംഗ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവു തുക 1431040 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 36/ 14.02.24)

**1-51 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ആദായ നികുതി കുറവായി ഈടാക്കി**

പ്രൊജക്റ്റ് നം. 436/23, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ – 30,00,000/- {10,00,000/- (വികസന ഫണ്ട്- ജനറൽ), 20,00,000/- (തനത് ഫണ്ട്)}
ചെലവ് – 5,49,592/- (വികസന ഫണ്ട്- ജനറൽ)

ഫയൽ നം. E1/13851/22 (1)

വടക്കാഞ്ചേരി നഗരസഭയിലെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിന് തുക നൽകിയപ്പോൾ, ആദായ നികുതി നിയമം സെക്ഷൻ 194(C) പ്രകാരം സ്ഥാപനങ്ങൾക്ക് ആദായനികുതിയിനത്തിൽ 2% കുറവ് ചെയ്യേണ്ടതിന് പകരം 1% മാത്രം കുറവ് ചെയ്ത് തുക നൽകിയിരിക്കുന്നു. സ്ഥാപനത്തിന്റെ ഇൻവോയ്സ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| 582 | 05.01.2022 | 604873 |
| 865 | 26.03.2022 | 23,820 |
| UEI/131 | 21.06.2022 | 1,24,689 |
| UEI/241 | 30.07.2022 | 17,394 |
| UEI/255 | 10.08.2022 | 97,327 |
| | ആകെ | 8,68,103 |

വൗച്ചർ നം. 22200902/09.11.2022 പ്രകാരം 1% ആദായനികുതി, 1% CGST, 1% SGST എന്നിവ കുറവ് ചെയ്ത് 8,42,060/- രൂപ തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.
മൊത്തം ചെലവ് തുകയായ 8,68,103/- രൂപ സുലേഖ പത്രികയിൽ ഉൾപ്പെട്ടിട്ടുമില്ല.
വികസന ഫണ്ട് – ജനറൽ എന്നയിനത്തിൽ നിന്നും യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, കൊല്ലം എന്ന സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തീയതി | തുക |
|---|---|---|
| UEI/517 | 16.11.2022 | 3,30,087 |
| UEI/565 | 07.12.2022 | 1,06,790 |
| | ആകെ | 4,36,877 |

വൗച്ചർ നം. 22200191/18.01.2023 പ്രകാരം ആദായനികുതിയിനത്തിൽ 7405/- രൂപ കുറവ് ചെയ്ത് 4,29,472/- രൂപ നൽകിയിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കുറവ് വന്ന ആദായ നികുതി തുക തിരികെ അടവാക്കണമെന്ന് ആവശ്യപ്പെട്ട്

നഗരസഭ 28.01.2023 തീയതിയിൽ സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. 05.09.2022 തീയതിയിൽ സപ്ലൈ ഓർഡർ നൽകിയിരുന്നത് പ്രകാരമുള്ള 5,43,954/- രൂപയുടെ ബില്ലിൽ ആദായനികുതിയിനത്തിൽ 2% കുറവ് ചെയ്യേണ്ടതായിരുന്നതിൽ 1% മാത്രം കുറവ് ചെയ്ത് 527664/- രൂപ (IT - 5440/- രൂപ, GST - 10880/-രൂപ) ചെക്ക് നം. 5687399/17.11.2022 പ്രകാരം നൽകിയിട്ടുണ്ട് എന്നും സ്ഥാപനം മേൽ തുക തിരികെ അടവാക്കണമെന്നും അറിയിച്ചിട്ടുണ്ട്.
ആദായ നികുതിയിനത്തിൽ മുഴുവൻ തുകയും തിരികെ അടവാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം.55/15.2.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
തനത് ഫണ്ടിൽ നിന്നും ചെലവായ തുക സുലേഖ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതും ആദായനികുതി ഈടാക്കിയതിൽ കുറവ് വന്ന തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

**1-52 തൊഴിൽ സഭ ഗുണഭോക്താക്കൾക്ക് പരിശീലനം അപാകതകൾ**

പ്രൊജക്റ്റ് നം., പേര് – So 556/23, തൊഴിൽ സഭ ഗുണഭോക്താക്കൾക്ക് മറ്റ് പരീക്ഷാ പരിശീലനം.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വൗച്ചർ നം. – 22201834/20.01.22, തുക – 200000/- രൂപ.

മേൽപ്പറഞ്ഞ പ്രൊജക്ടിനായി അസാപ് (അഡീഷനൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ന്റെ പേരിലുള്ള എച്ച്.ഡി.എഫ്.സി ബാങ്ക് അക്കൗണ്ടിലേക്ക് (നം. 50200057702281) തുക നൽകിയിട്ടുണ്ട്. എന്നാൽ പതിനാലാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ, സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ തീ.28.05.2022 ഖ.8.5 പരിശീലനപരിപാടികൾ പ്രകാരം (I) സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പരിശീലനപരിപാടികൾ ഏറ്റെടുക്കാവുന്നതാണ്. (Ii)സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പദ്ധതിക്കു മാത്രമായി പ്രൊജക്റ്റ് ഏറ്റെടുക്കാവുന്നതല്ല. മാർഗ്ഗരേഖയിലെ പ്രസ്തുത നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.
കൂടാതെ പി.എസ്.സി (മറ്റ് പരീക്ഷകൾ) പരിശീലന ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സെക്രട്ടറിയുടെ 23.12.22 തീയതിയിലെ വർക്ക് ഓർഡർ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. അസാപ്പിന്റെ "വൈഭവ് വടക്കാഞ്ചേരി" സാമ്പത്തിക വർഷം 2022-23 നൈപുണ്യ പരിശീലന പദ്ധതി എന്ന പ്രോഗ്രാമിന്റെ ഷെഡ്യൂൾ പ്രകാരം പരിശീലന പരിപാടി വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ വിലയിരുത്തുകയും ബ്രിട്ടീഷ് കൗൺസിൽ നൽകുന്ന ഇംഗ്ലീഷ് ഭാഷ പ്രാവീണ്യ സാക്ഷ്യപത്രം (ആപ്റ്റിസ്), അസാപ് കേരളയുടെ കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകുകയും ചെയ്യും എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കോഴ്സ് പൂർത്തീകരിച്ച മേൽപ്പറഞ്ഞ രേഖകൾ, ഓരോ ഗുണഭോക്താവിനും തുക വകയിരുത്തിയത്, ആകെ ചെലവു തുകയുടെ വിശദമായ സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.
സമാനമായ രീതിയിൽ 554/23 പ്രോജക്ട് പ്രകാരം തൊഴിൽസഭ ഗുണഭോക്താക്കൾക്ക് ഇന്റർവ്യൂ പരിശീലനം & പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ് പരിശീലനം പദ്ധതിക്ക് 2 ലക്ഷം രൂപ വകയിരുത്തുകയും അസാപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ആയത് പൂർത്തീകരിച്ചതിന്റെയും കോഴ്സ് നടത്തി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് നം. 555/23 പ്രകാരം നടപ്പിലാക്കിയ തൊഴിൽസഭ ഗുണഭോക്താക്കൾക്ക് ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്ന ഫയലിലും മേൽപ്പറഞ്ഞ അപാകതകളുണ്ട്.
അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.2/15.02.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-53 അമ്മമാർക്ക് ജിംനേഷ്യം - ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയത്, പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.**

പ്രൊജക്റ്റ് നം., പേര് - 580/24, അംഗനവാടികളിൽ അമ്മമാർക്ക് ജിംനേഷ്യം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 1475836 രൂപ, വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് തുക – 1413784/-

വൗച്ചർ നം. 22201730/28.03.2023 - 699996 രൂപ,

വൗച്ചർ നം. 22201729/28.03.2023 - 713788 രൂപ.

വടക്കാഞ്ചേരിയിൽ സ്ഥലസൗകര്യമുള്ള തിരഞ്ഞെടുക്കപ്പെട്ട 4 അംഗൻവാടികളിൽ (അരവൂർ, കുറ്റിയങ്കാവ്, അകംപാടം, മംഗല) അമ്മമാർക്ക് ജിംനേഷ്യം സ്ഥാപിക്കുന്നതിന് ആർട്കോ ലിമിറ്റഡ്, കേന്ദ്രീയ വിദ്യാലയത്തിന് എതിർവശം, എ.കെ.റോഡ് മലപ്പുറം എന്ന സ്ഥാപനവുമായി മാർച്ച് 2023 ൽ കരാർ ഒപ്പു വച്ചിട്ടുണ്ട്. തീയതിയും കരാർ നമ്പറും കരാറിൽ ചേർത്തിട്ടില്ല. സപ്ളൈ ഓർഡർ നം., തീയതി എന്നിവയും സപ്ലൈ ഓർഡർ പൂർത്തീകരിക്കേണ്ട തീയതിയും കരാറിൽ ചേർത്തിട്ടില്ല. താഴെപ്പറയുന്ന ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല.

699996 രൂപയുടെ വാങ്ങലിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഉപകരണത്തിന്റെ വിവരം | എണ്ണം |
|---|---|
| ലെഗ് പ്രെസ് | 3 |
| മങ്കി ബാർ | 2 |
| പുൾ ഡൗൺ & ചെസ്റ്റ് പ്രെസ് | 3 |
| പുൾ ഡൗൺ ഗ്ളാസ് പൈപ്പ് ഫ്രെയിം | 3 |
| എക്സർസൈസിംഗ് ബാർ - ജി.ഐ പൈപ്പ് | 2 |

713788 രൂപയുടെ വാങ്ങലിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ഉപകരണത്തിന്റെ വിവരം | എണ്ണം |
|---|---|
| ഡിപ്പ് & ലെഗ് പ്രെസ് | 3 |
| എയർ വാക്കർ | 3 |
| ചെസ്റ്റ് പ്രെസ് ഗ്ളാസ് പൈപ്പ് ലെഗ് ഫ്രെയിം | 3 |
| ഹാൻഡ് റൊട്ടേറ്റർ ഗ്ളാസ് പൈപ്പ് ലെഗ് ഫ്രെയിം | 3 |
| ഹോഴ്സ് റൈഡർ ബി ക്ളാസ് പൈപ്പ് ലെഗ് ഫ്രെയിം | 3 |

ജിംനേഷ്യം പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനയോഗ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട ചെലവു തുക 1413784 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.52/15.02.24)

## 1-54 എസ്.എസ്.കെ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം., പേര് – 246/23, എസ്.എസ്.എ വിഹിതം

അടങ്കൽ തുക – 1700000 രൂപ (വികസന ഫണ്ട് – പൊതു വിഭാഗം)

വൗച്ചർ നം - 22201542/27.09.2024, തുക – 700000 രൂപ.

വൗച്ചർ നം - 22201595/21.11.2024, തുക – 1000000 രൂപ.

മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. സ.ഉ.(കൈ)നം.86/2022/LSGD, തിരുവനന്തപുരം, തീയതി: 19.04.2022 ഖണ്ഡിക (4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രൊജക്ടിന് നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണം.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. / 08-02-2024)

## 1-55 കൈമാറ്റ കട/സ്വാപ് ഷോപ്പ് സജ്ജമാക്കൽ-അപാകതകൾ.

പ്രൊജക്ട് നം – 485/23

ധനകാര്യകമ്മീഷൻ അവാർഡ് – 272408/500000

വൗച്ചർ നം. 22202190/18.03.2024, തുക – 272408 രൂപ

വടക്കാഞ്ചേരി നഗരസഭയിൽ പഴയ ഉപകരണങ്ങൾ വാങ്ങി പുതിയവ കൈമാറ്റം ചെയ്യുന്നതിനായി കൈമാറ്റകട/സ്വാപ്പ്ഷോപ്പ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ പദ്ധതി റിപ്പോർട്ടിൽ വേണ്ട വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഡി.പി.ആറിൽ ഖണ്ഡിക 21 പ്രകാരം വിഭാവനം ചെയ്തതും പൂർത്തീകരിച്ചതും ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ, ഖണ്ഡിക 23 പ്രകാരമുള്ള ആസ്തി/ഭൗതിക ലക്ഷ്യം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ചേർത്തു കാണുന്നില്ല. പദ്ധതിയുടെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. പ്രൊജക്ടിന്റെ ഭാഗമായി 2021-22 ൽ ലൂം വുഡൻ മെഷീൻ വാങ്ങിയിട്ടുണ്ട്, ആയതിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിവരം ലഭ്യമാക്കേണ്ടതും. കൂടാതെ 2022-23 കാലയളവിലെ കസേരകൾ, അയൺ ബോക്സ്, അയൺ ടേബിൾ, ഓഫീസ് ടേബിൾ, പവർ വാഷിംഗ് മെഷീൻ, സ്റ്റീൽ റാക്ക്, സ്റ്റീൽ കാബിനറ്റ് വിത്ത് ലോക്കർ, ടൂൾ കിറ്റ്, ടെയ്‌ലറിംഗ് മെഷീൻ വിത്ത് മോട്ടോർ ഫിറ്റിംഗ് എന്നിവ വാങ്ങിയത് (ഇൻവോയ്സ് നം. MPM 189/10.2.23) സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുക 272408/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.13/9.02.24)

**1-56 ഇലക്ട്രിക് ട്രൈസൈക്കിൾ വാങ്ങിയത് അപാകതകൾ**

ധനകാര്യകമ്മീഷൻ അവാർഡ് – 744450/810000

വൗച്ചർ നം – 22202179/26.03.23, തുക – 744450

ഇലക്ട്രിക് മുച്ചക്ര സൈക്കിൾ പദ്ധതി നടപ്പാക്കുന്നതിന് ജെം മുഖാന്തിരം കേരള ആട്ടോമോബൈൽസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് മൂന്ന് ഇലക്ട്രിക്ക് ട്രൈസൈക്കിളുകൾ യൂണിറ്റൊന്നിന് 248150 രൂപ പ്രകാരം വാങ്ങിയിട്ടുണ്ട്. സൈക്കിളുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം വിവരം ലഭ്യമാക്കിയിട്ടില്ല. സൈക്കിൾ നമ്പർ കെ.എൽ48 S-5627, ശ്രീ. ഗോപി, കെ.എൽ 48 S-5608, ശ്രീ. മുഹമ്മദ്. പി. എസ്, കെ.എൽ 48 S-5600 ശ്രീ. വർഗ്ഗീസ് തിയോഫിൻ എന്നിവർക്കാണ് ഏൽപ്പിച്ച് നൽകിയത്. വാഹനം ഓടിക്കുന്നതിനുള്ള പ്രാഥമിക അറിവ് നൽകുന്നതിന് PHI GR.I എന്നവരെ ചുമതലപ്പെടുത്തുകയും നഗരസഭാ പരിസരത്ത് സൂക്ഷിക്കുവാൻ സ്ഥലമില്ലാത്തതിനാൽ കുമ്പളങ്ങാട് പ്ലാന്റിന് സമീപം സൂക്ഷിക്കുന്നതിനും ഹാൾട്ട് ചെയ്യുന്നതിനും സെക്രട്ടറിയുടെ നടപടിക്രമം പി.എച്ച് 1-5421/23 വടക്കാഞ്ചേരി തീ. 16.06.2023 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട സൈക്കിളുകൾ പ്രവർത്തിപ്പിക്കുന്നതിന് മേൽപ്പറഞ്ഞവരെ തെരഞ്ഞെടുത്തതിന്റെ വിവരങ്ങൾ വ്യക്തമല്ല. തുടർനടത്തിപ്പ് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. മുച്ചക്ര സൈക്കിളുകളുടെ മേൽനോട്ടം സംബന്ധിച്ച റിപ്പോർട്ട്, ലോഗ് ബുക്ക്, മെയിന്റനൻസ് റജിസ്റ്റർ, ട്രിപ്പ് ഷീറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 744450 തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.13/9.02.2024)

**1-57 മൊബൈൽ ടോയ്‌ലറ്റ് പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.**

പ്രൊജക്ട് നം. – 591/23

ധനകാര്യകമ്മീഷൻ അവാർഡ് - 800000

വൗച്ചർ നം. – 22202176/20.02.23, തുക – 774080 രൂപ

മൊബൈൽ ടോയ്‌ലറ്റ് എന്ന പദ്ധതിക്കായി മേൽപ്പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ആർട്കോ മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നുമാണ് മൊബൈൽ ടോയ്‌ലറ്റ് വാങ്ങിയിട്ടുള്ളത്. മൊബൈൽ ടോയ്‌ലറ്റ് വാങ്ങി സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയത് പ്രവർത്തിപ്പിക്കുന്നതിന്റെ ലോഗ് ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകളുടെ അഭാവത്തിൽ ചെലവു തുക 774080 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 13/09.02.23)

**1-58 വയോമിത്രം-വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.**

പ്രൊജക്ട് നം. 241/23

വികസനഫണ്ട് പൊതുവിഭാഗം – 1000000/-

വൗച്ചർ നം – 22201528/23.08.2023, തുക – 1000000/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോമിത്രം പദ്ധതിയുടെ ഭാഗമായി സാമൂഹ്യസുരക്ഷാ മിഷന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വിനിയോഗസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സാമൂഹ്യസുരക്ഷാ മിഷനിൽ നിന്ന് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/09.02.24)

**1-59 ഐ.കെ.എം വിഹിതം നൽകുന്നത് ഡിമാൻറ് തുകയും അടവാക്കിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.**

പ്രൊജക്ട് നം. 1/23, ഐ.കെ.എം വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

വികസനഫണ്ട് പൊതുവിഭാഗം – 300000/-

വൗച്ചർ നം – 22201468/23.08.23, തുക – 300000/-

ഐ.കെ.എം ന്റെ 01.07.2022 ലെ നം.1246/എ7/ഐ.കെ.എം കത്ത് പ്രകാരം 2022-23 ലെ ഡിമാന്റ് തുക 289363 രൂപയാണ്. എന്നാൽ മേൽ വൗച്ചർ പ്രകാരം ഈയിനത്തിൽ 300000/- രൂപ അടവാക്കിയിട്ടുണ്ട്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 13/09.02.24)

**1-60 വർണ്ണക്കൂട്ട്-ശാസ്ത്രസാഹിത്യപരിഷത്തിന്റെ കുരുന്നില എന്ന പുസ്തകത്തിന്റെ സ്റ്റോക്ക് എൻട്രി, വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.**

പ്രൊജക്ട് നം., പേര് - 597/23, വർണ്ണക്കൂട്ട്

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

വികസനഫണ്ട് പൊതുവിഭാഗം - 60000/-

